11th YEAR
# വേദാഭിമാനി
Vol.11
No.10
NOVEMER
കാർത്തികപ്പള്ളി
R.No. 7361/02
വേദപുസ്തക സത്യത്തിലേക്ക് ഒരു ജാലകം : സത്യത്തിന് സാക്ഷി



## ദയനീയം, ഭയാനകം, ഭീകരം

സൊമാലിയയിലെ മനുഷ്യരെ ഇനി ശരീരങ്ങൾ എന്നു വിളിക്കുന്നതാവും നല്ലത്. ജീവൻ നിലനിർത്താൻ ഒരു ശരീരത്തിന് ഇത്ര മാംസം മതിയോ... ഇത്ര രക്തം മതിയോ... എന്നൊക്കെയറിയണമെങ്കിൽ സൊമാലിയ എന്ന ആഫ്രിക്കൻ രാജ്യത്തെത്തിയാൽ മതി. നേർത്ത തുണിപോലെയുള്ള ത്വക്കിനുള്ളിൽ തലയോട്ടിയും എല്ലുകളും അടുക്കിവച്ചപോലെ... മനുഷ്യർ! വലിയ കണ്ണുകളിലെ ചെറിയ തിളക്കമാണ് അതിനുള്ളിൽ ജീവനുണ്ടെന്നുള്ളതിനു തെളിവ്.

ലോകത്ത് ഇത്ര ഭയാനകമായ ഒരു സ്ഥിതിവിശേഷം ഇപ്പോൾ മറ്റെങ്ങുമില്ല. കൊടും വരൾച്ച, കൊടും പട്ടിണി, കൊടും തീവ്രവാദം എന്നിവ കൂട്ടിക്കുഴച്ചെടുത്താൽ എന്തു ലഭിക്കും എന്ന ചോദ്യത്തിന്റെ ഉത്തരമാണ് സൊമാലിയ.

മുഖത്തുവന്നിരിക്കുന്ന ഈച്ചകളെ അട്ടിയോടിക്കാൻ പോലും ത്രാണിയില്ലാത്ത സൊമാലിയൻ കുഞ്ഞുങ്ങളുടെ കണ്ണുകൾ ലോകത്തെ വേട്ടയാടുകയാണ്. ജീവിതത്തിനും മരണത്തിനുമിടെ ലഭിക്കാവുന്ന ഏറ്റവും വിലപ്പെട്ട വസ്തുവായി അല്പം ഭക്ഷണത്തെയും വെള്ളത്തെയും കാണുന്ന സൊമാലിയൻ ജനത ലോകമനസാക്ഷിയുടെ ഊണുമേശയിൽ ദുർബലമായ ഒരു നിലവിളിയായി എത്തുകയാണ്.

ഇവരുടെ ദയനീയ ചിത്രങ്ങൾ ധാരാളം ഞങ്ങളുടെ പക്കലുണ്ടെങ്കിലും പ്രസിദ്ധീകരിക്കുവാൻ മനസനുവദിക്കുന്നില്ല. അത്രമാത്രം വേദനാജനകമാണവ.

ആത്മഭാരം കൂടിയിട്ട് അമേരിക്കയിലേക്കും ഗൾഫ് നാടുകളിലേക്കും പറക്കുന്നവർക്ക് സൊമാലിയയിലേക്ക് വിളികാണില്ലെന്നറിയാം. ഇതൊക്കെ സാധാരണം എന്നു പറഞ്ഞ് തള്ളിക്കളയാം. എന്നാൽ വിശന്നും ദാഹിച്ചും അവശരായി അല്പം വെള്ളത്തിനും ആഹാരത്തിനുമായി കേഴുന്ന ജനതയെക്കുറിച്ച് ചിന്തിച്ചുനോക്കൂ. ഇത് അസാധാരണവും ഭയാനകവുമാണ്. ഇവരും നമ്മുടെ സഹോദരങ്ങളാണ്. ഇവരുടെ രക്ഷയ്ക്ക് മറ്റൊന്നും ചെയ്യാൻ കഴിയില്ലെങ്കിലും ആത്മാർത്ഥതയോടെ കണ്ണുനീരോടെ പ്രാർത്ഥിക്കാൻ നമുക്ക് സാധിക്കണം. അതിനു കഴിയുന്നില്ലെങ്കിൽ ദൈവമകൻ ദൈവമകൾ എന്നല്ല, മനുഷ്യൻ എന്ന പദവിക്കുപോലും യോഗ്യരല്ല എന്നറിയണം. സൊമാലിയൻ ജനതയെ ദൈവം രക്ഷിക്കട്ടെ. അവർക്കായി പ്രാർത്ഥിക്കാം.

## കുരിശുമരണവും ശവപേടകവും

യേശുക്രിസ്തുവിന്റെ കുരിശുമരണത്തിലേക്കു വെളിച്ചം വീശുമെന്നു കരുതുന്ന ശവപേടകം കണ്ടെത്തി.

ഇസ്രയേലിലെ ഗവേഷകരാണ് രണ്ടായിരത്തിലധികം വർഷം പഴക്കമുള്ള പേടകം പുരാവസ്തു കൊള്ളക്കാരിൽനിന്നു പിടിച്ചെടുത്തത്. യേശുവിന്റെ കുരിശാരോഹണത്തിൽ നിർണായക പങ്കുവഹിച്ച ജൂത പുരോഹിതൻ കയ്യാഫാവ് കുടുംബത്തെക്കുറിച്ചു ചുണ്ണാമ്പുകല്ലിൽ തീർത്ത പേടകം (ഒസുറി) കൂടുതൽ വിവരങ്ങൾ നൽകുമെന്നു കരുതുന്നു. തെക്കുപടിഞ്ഞാറൻ ജെറുസലേമിൽ ദാവീദ്-ഗോലി





യാത്ത് പോരാട്ടം നടന്ന എലാ താഴ്‌വരയിൽനിന്നാണു പേടകം ലഭിച്ചതെന്നു സൂചനയുണ്ട്. ശവപേടകത്തിന്റെ വിശ്വാസ്യതയിൽ സംശയം തോന്നിയ ഇസ്രേലി പുരാവസ്തു വിഭാഗം, മൂന്നു വർഷം മുമ്പു ടെൽഅവീവ് സർവകലാശാലയെ അഭയം പ്രാപിച്ചു. സർവകലാശാല നടത്തിയ പഠനത്തിലാണു പേടകം 'യഥാർത്ഥ' പുരാവസ്തുവാണെന്നു തെളിഞ്ഞത്.

പേടകത്തിലെ ലിഖിതം മരിച്ചയാളെക്കുറിച്ചും പൂർവികരെക്കുറിച്ചും അവരുടെ നാടിനെക്കുറിച്ചും സൂചന നൽകുന്നുണ്ടെന്നു ഗവേഷകനായ യുവാൽഗോറൻ വ്യക്തമാക്കി. 'ബെത്ത് ഇംറിക്കാരനായ മസിയ പുരോഹിതൻ കയ്യാഫാവിന്റെ മകൻ യെശുവായുടെ മകൾ മിറിയം' എന്നാണു പേടകത്തിൽ അടക്കം ചെയ്തിരിക്കുന്ന വ്യക്തിയുടെ 'വിലാസം' രേഖപ്പെടുത്തിയിരിക്കുന്നത്.

ബെത്ത് ഇംറി എന്നാൽ ജൂത പൗരോഹിത്യത്തിലെ ഒരു ശാഖയോ കയ്യാഫാവ് കുടുംബത്തിന്റെ നാടോ ആകാമെന്നാണ് വിശദീകരണം. ഹെബ്രോൻ മലനിരകളിലെവിടെയോ ആകാം ഇത്. ക്രിസ്തുവിനെ കുറ്റവിചാരണ ചെയ്തവരിലൊരാളാണ് കയ്യാഫാവ്.

## കേരളമാകെ വിഷാദരോഗികൾ




കേരളത്തിൽ 35% പേർ വിഷാദരോഗികളാണെന്നു സർക്കാർ കണക്ക്. സംസ്ഥാനത്തു നൂറിൽ ഒരു മലയാളി മാനസികരോഗത്തിനു ചികിത്സയിലാണ്. ആത്മഹത്യകൾ കുറയുകയാണെങ്കിലും മദ്യപാനം മൂലമുള്ള കുടുംബപ്രശ്നങ്ങൾ വർധിക്കുകയാണെന്നും സംസ്ഥാന മാനസികാരോഗ്യ അഥോറിട്ടിയുടെ പഠനറിപ്പോർട്ട്.

കേരളത്തിലെ ജോലിസംബന്ധമായ സാഹചര്യങ്ങളിൽ വന്ന മാറ്റവും ജീവിതനിലവാരത്തിലെ വ്യതിയാനങ്ങളുമാണു വിഷാദരോഗത്തിനു കാരണം. 20-60 വയസിനിടയിലുള്ള പുരുഷന്മാരും സ്ത്രീകളുമാണു കൂടുതലും വിഷാദരോഗത്തിനു ചികിത്സയിലുള്ളത്.

കേരളത്തിലെ നൂറിൽ ഒരാൾ ഷീസോഫ്രീനിയ രോഗിയാണെന്നും പഠനത്തിൽ കണ്ടെത്തി. രണ്ടായിരത്തി ഇരുപതോടെ രാജ്യത്തു വിഷാദരോഗികളുടെ എണ്ണത്തിൽ വൻ വർധനയുണ്ടാകും. നിലവിൽ 50% രോഗികളെ മാത്രമേ കൃത്യമായ പരിശോധനയിലൂടെ കണ്ടെത്തിയിട്ടുള്ളൂ.

സ്കൂൾ, കോളജ് തലത്തിലുള്ള സ്നേഹബന്ധങ്ങളും വിവാഹശേഷമുള്ള അവിഹിതബന്ധങ്ങളും കുടുംബത്തിന്റെ കെട്ടുറപ്പിനെ ബാധിക്കുന്നു. അത്തരം പ്രശ്നങ്ങളും മാനസികരോഗത്തിനു കാരണമാകുന്നുണ്ട്. മയക്കുമരുന്നിനും മദ്യാസക്തിക്കും പുറമേയാണു കുടുംബപ്രശ്നങ്ങളും ആത്മഹത്യയിലേക്കു നയിക്കുന്നത്.




## • കള്ളിമുൾച്ചെടി •



നഗരത്തിൽ ആരാണ് കള്ളിമുൾച്ചെടി നട്ടത് എന്നോർത്ത് മൂക്കത്ത് വിരൽ വെക്കാൻ വരട്ടെ. ഇത് ആരേയും കുത്തിനോവിക്കാത്ത ഒരു വമ്പൻ 'കള്ളിമുൾച്ചെടി' ആണ്. അതെ, 19 നിലകളുള്ള ഒരു വമ്പൻ കെട്ടിടം! കണ്ടാൽ ശരിക്കും ഒരു കള്ളിമുൾച്ചെടിപോലെ തോന്നുന്നതുകൊണ്ടാണ് ഇതിന് 'അർബൻ കാക്റ്റസ്' അഥവാ 'നഗരത്തിലെ കള്ളിമുൾച്ചെടി' എന്ന പേരിട്ടത്. നെതർലൻഡ്സിലെ റോട്ടർഡാം നഗരത്തിൽ സ്ഥിതിചെയ്യുന്ന ഈ ഫ്ളാറ്റിൽ 98 കുടുംബങ്ങൾക്ക് താമസിക്കാം!

ചോദ്യങ്ങൾ - വിമർശനങ്ങൾ - അഭിപ്രായങ്ങൾ അറിയിക്കാൻ ☎: 0479-3201787 : 9847232598 : vedabhimani@gmail.com



# അയാൾ അശാന്തനായിരുന്നു

ജെ. പി. ദീപിക

അശാന്തനായിരുന്നു അയാൾ. ഒരു കാര്യത്തിലും താല്പര്യമില്ലാത്ത അവസ്ഥ. ഉന്മേഷം എന്നേക്കുമായി ചോർന്നുപോയതുപോലെ. ആരെയും കാണുന്നത് അയാൾക്ക് ഇഷ്ടമായിരുന്നില്ല. കണ്ടാൽത്തന്നെ കണ്ടഭാവം നടിച്ചിരുന്നില്ല. ആരെങ്കിലും അയാളോടു സംസാരിക്കാൻ മുതിർന്നാൽ മുഖം തിരിച്ചുകളയും. ബന്ധുക്കളിൽ നിന്നും സുഹൃത്തുക്കളിൽനിന്നുമൊക്കെ അയാൾ അകന്നുനിന്നു.

പക്ഷേ, കാലം കുറെ ചെന്നപ്പോൾ, തനിക്കെന്തോ തകരാറുണ്ടെന്ന് അയാൾക്കു തോന്നി. അയാൾ ഒരു ഡോക്ടറെ സമീപിച്ചു. ഡോക്ടർ അയാളെ വിദഗ്ധ പരിശോധനയ്ക്കു വിധേയനാക്കി. പക്ഷേ, അയാളിൽ രോഗമൊന്നും കണ്ടില്ല. ഉന്മേഷം നല്കുന്ന കുറേ ടോണിക്കുകൾ മാത്രം ഡോക്ടർ കൊടുത്തു. അതു കഴിച്ചപ്പോൾ അയാൾക്ക് അല്പം ഉന്മേഷം തോന്നി. പക്ഷേ, ടോണിക്കുകൊണ്ട് തന്റെ മനസിനു ശാന്തി ലഭിച്ചതായി അയാൾക്കു തോന്നിയില്ല.



അങ്ങനെയിരിക്കുമ്പോഴാണ് അയാൾ ഒരു ദൈവദാസനെ കാണുവാനിടയായത്. പല കാര്യങ്ങൾ സംസാരിക്കുന്നതിനിടയിൽ അയാൾ തന്റെ മാനസികാവസ്ഥയെക്കുറിച്ചും സംസാരിച്ചു. "ഞാൻ ഒഴികെ എല്ലാവരും സന്തോഷമുള്ളവരായി കാണുന്നു. എന്തുകൊണ്ടാണത്?" അപ്പോൾ ദൈവദാസൻ ചോദിച്ചു: "മറ്റുള്ളവരിലെ നന്മ നിങ്ങൾ കാണാറുണ്ടോ?" അയാൾ നിഷേധാർത്ഥത്തിൽ തലകുലുക്കി. "മറ്റുള്ളവരുടെ സന്തോഷത്തിൽ നിങ്ങൾ പങ്കുചേരാറുണ്ടോ?" വീണ്ടും ചോദിച്ചു. "ഇല്ല" എന്നായിരുന്നു അയാളുടെ ഉത്തരം. ഉടനേ ദൈവദാസൻ പറഞ്ഞു: "മറ്റുള്ളവരിലെ നന്മകൾ കാണുകയും അവരുടെ സന്തോഷത്തിൽ പങ്കുചേരുകയും ചെയ്താൽ നിങ്ങൾക്കും സന്തോഷമുണ്ടാകും."

"പക്ഷേ, എന്തുകൊണ്ടാണ് എനിക്കു മറ്റുള്ളവരിലെ നന്മ കാണാനോ, അവരുടെ സന്തോഷത്തിൽ പങ്കുചേരാനോ സാധിക്കാത്തത്?" ഒരു വിശദീകരണം പ്രതീക്ഷിച്ചുകൊണ്ട് അയാൾ ചോദിച്ചു.

അപ്പോൾ ദൈവദാസൻ പറഞ്ഞു: "മറ്റുള്ളവരിലെ നന്മകൾ കാണണമെങ്കിൽ ആദ്യം നിങ്ങളിലെ നന്മകൾ കാണണം. നിങ്ങളിലെ നന്മകൾ നിങ്ങൾ കണ്ടാൽ അതുവഴി മറ്റുള്ളവരിലെ നന്മകളും നിങ്ങൾക്കു കാണാൻ സാധിക്കും. അപ്പോൾ അറിയാതെ മറ്റുള്ളവരുടെ സന്തോഷത്തിൽ നിങ്ങൾ പങ്കുചേരും. അതുവഴിയായി നിങ്ങളിലും യഥാർത്ഥ സന്തോഷമുണ്ടാകും." ദൈവദാസൻ നല്കിയ ഉപദേശം അയാൾക്ക് ഏറെ ഗുണം ചെയ്തു. അയാൾ നന്ദിപറഞ്ഞ് വീട്ടിലേക്ക് മടങ്ങി.

ഈ കഥയിലെ നായകന്റെയത്രതന്നെ അശാന്തരല്ലെങ്കിലും ഉള്ളിന്റെയുള്ളിൽ നമ്മൾ ഏറെ സന്തുഷ്ടരാണെന്നു നമുക്ക് അവകാശപ്പെടാനാവുമെന്നു തോന്നുന്നില്ല. നമ്മുടെ സന്തോഷക്കുറവിനു കാരണങ്ങളുണ്ടാവാം. എന്നാൽ, അതിൽ ഒരു പ്രധാന കാരണം നാം നമ്മുടെ ജീവിതത്തിലെ നന്മകൾ കാണാതെ പോകുന്നു എന്നതല്ലേ?

നമുക്കു ശാരീരികമായി ഒരു അസുഖവും ഇല്ലെന്നു കരുതുക. അപ്പോൾ നാം ഏറെ സന്തോഷിക്കുകയും ദൈവത്തിനു നന്ദി പറയുകയും ചെയ്യേണ്ടതല്ലേ? അതിനുപകരം മറ്റെന്തിനെയെങ്കിലും ചൊല്ലി ദുഃഖിതരായിരിക്കുവാനല്ലേ നാം പലപ്പോഴും തുനിയുക? അതായത് നമ്മുടെ ജീവിതത്തിലെ നന്മകൾ കണ്ടാലും നമുക്കു സന്തോഷമില്ലെന്നു വ്യക്തം.

ഇനി, നമ്മുടെ ആരോഗ്യം അത്ര മെച്ചമല്ലെന്നു കരുതുക. എങ്കിൽപ്പോലും അതോർത്തു നാം മനഃസമാധാനം നഷ്ടപ്പെടുത്തണോ? നമ്മെക്കാൾ മോശമായ ആരോഗ്യമുള്ള എത്രയോ ആളുകൾ നമ്മേക്കാൾ സന്തോഷത്തോടെ ജീവിക്കുന്നു. അപ്പോൾ നാം മാത്രം എന്തിനു സങ്കടപ്പെടണം? നമ്മിൽ ഏതെങ്കിലും കാര്യത്തിൽ കുറവുകളുണ്ടെങ്കിൽ അതു മാത്രമല്ല നമ്മുടെ ജീവിതം എന്നു മനസിലാക്കുക. പല പോരായ്മകൾ ഉള്ളപ്പോഴും നമ്മിൽ വേറെ എന്തെല്ലാം നന്മകളാണുള്ളത്?


നമുക്ക് ഇനി മുകളിൽ പറഞ്ഞ കഥാപാത്രത്തിലേക്കു മടങ്ങിവരാം. അയാൾ അശാന്തനായി അലഞ്ഞുനടക്കുന്ന അവസരത്തിൽ അയാൾക്കു നല്ല ശാരീരികാരോഗ്യം ഉണ്ടായിരുന്നു. അയാളുടെ കണ്ണുകൾക്കു കാഴ്ചയും ചെവികൾക്കു കേൾവിയും കാലുകൾക്കു നടക്കുവാനുള്ള ബലവും കൈകൾക്കു യഥേഷ്ടം പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യവുമുണ്ടായിരുന്നു. പക്ഷേ, ഇക്കാര്യങ്ങളൊന്നും അയാൾ ശ്രദ്ധിച്ചില്ല. അയാൾ വെറുതേ അസംതൃപ്തനായി അലയുക മാത്രം ചെയ്തു.

അയാൾക്കു താമസിക്കുവാൻ ഒരു വീടും എന്തെങ്കിലും വരുമാനമാർഗവുമൊക്കെ ഉണ്ടായിരുന്നിരിക്കണം. അക്കാര്യങ്ങളൊക്കെ അയാൾ വിസ്മരിച്ചു. ഇതുപോലെ തന്റെ ജീവിതത്തിലുള്ള മറ്റു നന്മകളും അയാൾ കാണാതെപോയി. അതാണ് അയാളുടെ ജീവിതത്തെ സന്തോഷരഹിതമാക്കിയത്.

നാം സൂക്ഷിക്കുന്നില്ലെങ്കിൽ നമുക്കും ഇതുപോലെ സംഭവിക്കാം. എന്തെങ്കിലും നിസാരകാരണത്തിന്റെ പേരിൽ നാം നമ്മുടെ മനഃശാന്തി നഷ്ടപ്പെടുത്തും; ജീവിതം ദുരിതപൂർണമാക്കും.

നമ്മുടെ ശ്രദ്ധ എപ്പോഴും ദൈവം നമുക്കു തന്നിരിക്കുന്ന നന്മകളിലും അനുഗ്രഹങ്ങളിലുമാകട്ടെ. നമ്മുടെ ജീവിതത്തിൽ എന്തിന്റെയെങ്കിലും കുറവുണ്ടായാൽ അതെക്കുറിച്ചോർത്തു നാം സമാധാനം നഷ്ടപ്പെടുത്തേണ്ട. അതിനുപകരം ആ കുറവുകൾ എങ്ങനെ പരിഹരിക്കാനാവുമെന്നു ശ്രദ്ധിച്ചാൽ മതിയാകും. നമ്മുടെ ജീവിതത്തിൽ എന്തു കുറവുണ്ടായാലും ദൈവത്തിന്റെ അനുഗ്രഹത്താൽ അതിനൊക്കെ ന്യായമായ പരിഹാരം നമുക്കു കാണുവാൻ സാധിക്കും.

# ദൈവത്തോടു പറഞ്ഞാൽ




ചിന്തകനായ നീൽ ഡൊണാൾഡ് വാൽഷിന്റെ കോൺവെർസേഷൻസ് വിത്ത് ഗോഡ് എന്ന പരമ്പരയിൽ മൂന്നു പുസ്തകങ്ങളുണ്ട്. എല്ലാം ദൈവത്തെപ്പറ്റിയുള്ള വ്യത്യസ്തവും വ്യക്തിപരവുമായ വിചാരങ്ങളാണ്. ഇതിൽ ഒടുവിലത്തേതാണ് Friendship with God. ചോദ്യോത്തരങ്ങളായി അദ്ദേഹം ദൈവം എന്ന ആശയത്തെ സമീപിക്കുന്നു.

നമുക്ക് കൂട്ടുകാരുണ്ടെങ്കിൽ, എല്ലായ്പോഴും നാം എല്ലാം തുറന്നു പറയണമെന്നില്ല. അതേസമയം, ചിലതെല്ലാം പറയുകയും ചെയ്യും. രഹസ്യങ്ങൾ ആരോടെങ്കിലും പറയാതിരിക്കാൻ കഴിയില്ല. എങ്കിൽ ദൈവത്തോട് പറഞ്ഞാൽ എന്താണ് കുഴപ്പം? ദൈവത്തെ ഏറ്റവും അടുത്ത സുഹൃത്തായി കരുതാമെന്നാണ് വാൽഷിന്റെ സിദ്ധാന്തം. ഈ പുസ്തകം നിറയെ ദൈവവുമായുള്ള സംഭാഷണമാണ്. അജ്ഞാതവും അദൃശ്യവുമായ ശക്തി എന്ന നിലയ്ക്കല്ല. നമ്മുടെ ജീവിതത്തെ അടുത്തറിയുന്ന സ്നേഹിതനായി ദൈവത്തെ കാണുന്നതിലൂടെ വാൽഷ് ജീവിതത്തിന്റെ പൊരുളുകൾ വളരെ ലളിതമായി അഴിച്ചെടുക്കുന്നു. വാൽഷിന്റെ പുസ്തകത്തിലെ ചില ഉത്തരനിരീക്ഷണങ്ങൾ ഇവിടെ കുറിക്കട്ടെ.

1) സ്നേഹിക്കുന്നു എന്നു തോന്നിപ്പിക്കുന്ന ദൈവത്തിന്റെ ചിത്രം വരച്ചതാണ് നിങ്ങൾ ചെയ്ത തെറ്റ്.
2) നമ്മൾ ദൈവങ്ങളുടെ സൂപ്പർമാർക്കറ്റിലല്ല ജീവിക്കുന്നത്; ഇഷ്ടംപോലെ തിരഞ്ഞെടുക്കാൻ.
3) ദൈവത്തിന്റെനന്മയിൽ വിശ്വസിച്ചില്ലെങ്കിൽ കിട്ടുന്നത് ചെറിയ ദൈവത്തെയായിരിക്കും.
4) യഥാർത്ഥ ജ്ഞാനി എല്ലാ പ്രതീക്ഷകൾക്കും അപ്പുറത്താണ് ജീവിക്കുന്നത്. ഒന്നും പ്രതീക്ഷിക്കുകയോ ആഗ്രഹിക്കുകയോ ചെയ്യാതെയാണ് ജ്ഞാനി കഴിയുന്നത്.
5) എല്ലാം അയാളിൽത്തന്നെ ഉണ്ടെന്ന് അറിയുന്നതുകൊണ്ട്, ഏതു നിമിഷത്തിൽ എന്താണോ അഭിമുഖമായി വരുന്നത് അത് സ്വീകരിക്കുന്നു.
6) ഏതൊരു വസ്തുവിന്റെയും കാര്യത്തിൽ മൂന്നു തലത്തിലുള്ള അറിവ് നിലനിൽക്കുന്നു. ഒന്ന്: പ്രതീക്ഷ. രണ്ട്: വിശ്വാസം. മൂന്ന്: ബോധം. പ്രതീക്ഷയും വിശ്വാസവും ബോധം അഥവാ അറിവും സത്യമാണെന്ന് നാം കരുതുന്ന കാര്യങ്ങളാണ്. അതെല്ലാം സംഭവിക്കുമെന്നും നാം വിശ്വസിക്കുന്നു.
7) എല്ലാക്കാലത്തും എല്ലാറ്റിനെക്കുറിച്ചുമുള്ള സത്യങ്ങൾ എല്ലാവർക്കുമായി വീതിക്കപ്പെട്ടിട്ടുള്ളതാണ്.
8) സത്യം അംഗീകരിക്കാനുള്ളതല്ല; ആഘോഷിക്കാനുള്ളതാണ്.
9) സ്നേഹത്തെ ആഗ്രഹവുമായി കൂട്ടിക്കുഴയ്ക്കുന്നതാണ് അപകടം.
10) ഒരാളെ സ്നേഹിക്കുകയെന്നാൽ, അയാളെ നേടിയെടുക്കുക എന്നർത്ഥം. ഒന്നും സ്വീകരിക്കാതെയുള്ള സ്നേഹത്തെ ഭാവന ചെയ്യാൻ കഴിയാത്തതാണ് മനുഷ്യന്റെ ദുരന്തം.

വേദാഭിമാനി
NOVEMBER

ചീഫ് എഡിറ്റർ
ടൈറ്റസ് കാർത്തികപ്പള്ളി


മാനേജർ
ഏബ്രഹാം മത്തായി (സണ്ണി)

പബ്ലിഷർ
കെ. സി. വർഗ്ഗീസ്, കല്ലുമണ്ണിൽ

കോ-ഓർഡിനേറ്റർ
തോമസ് വർക്കി

വാർഷിക വരിസംഖ്യ
ഇന്ത്യ -Rs. 100
യു.എസ്.എ. -$25
മറ്റു രാജ്യങ്ങൾ -Rs.1000

എല്ലാ രാജ്യങ്ങളിലും
വേദാഭിമാനി ലഭിക്കുന്നതാണ്
വരിസംഖ്യ അയക്കേണ്ട വിലാസം
വേദാഭിമാനി
കേരള- 690 516



# എബ്രായരും എബ്രായലേഖനവും

**ബൈബിൾ** ചരിത്രത്തിൽ അബ്രാ (അബ്രാഹാ)മിനെയാണ് ആദ്യമായി എബ്രായൻ എന്നു വിശേഷിപ്പിക്കുന്നത് (ഉല്പ. 14:13). എബ്രായരുടെ ദേശത്തുനിന്നും തന്നെ മോഷ്ടിച്ചുകൊണ്ടുവന്നതാണെന്ന് യോസേഫ് മൊഴിനല്കുന്നു (ഉല്പ. 40:15). എബ്രായരുടെ ദൈവം തങ്ങൾക്കു പ്രത്യക്ഷപ്പെട്ടുവെന്നു മോശെ ഫറവോനെ അറിയിക്കുകയും എബ്രായരുടെ ദൈവമായ യഹോവയുടെ നിയോഗത്താലാണ് അവരുടെ സ്വാതന്ത്ര്യം ആവശ്യപ്പെടുന്നതെന്ന് പ്രസ്താവിക്കുകയും ചെയ്തു (പുറ. 3:18; 5:3; 7:16; 9:1, 13). യോനാ ആരെന്നും എവിടെനിന്നു വരുന്നുവെന്നും കപ്പൽപ്രമാണി ചോദിച്ചതിനുത്തരമായി ഞാൻ ഒരു എബ്രായൻ എന്നായിരുന്നു യോനായുടെ മൊഴി (1:9). എബ്രായനായി ജനിച്ചവനാണെന്ന് പൗലോസ് തന്നെക്കുറിച്ചു പ്രസ്താവിക്കുകയുണ്ടായി (2 കൊരി. 11:22; ഫിലി. 3:5). എബ്രായഭാഷ സംസാരിച്ചിരുന്ന യഹൂദരെ എബ്രായരെന്നാണ് ആദിമസഭ വിശേഷിപ്പിച്ചിരുന്നത് (അ.പ്ര. 6:1).

മറ്റുള്ളവരും ഈ ജനവിഭാഗത്തെ എബ്രായർ എന്നു വിളിച്ചിരുന്നു. ഉദാ: പോത്തീഫറിന്റെ ഭാര്യ യോസേഫിനെക്കുറിച്ച് ഹാസ്യഭാവത്തിൽ എബ്രായൻ എന്നു പറയുന്നു (ഉല്പ. 39:14, 17). ഫറവോന്റെ മകൾ കൊട്ടയിലെ ശിശുവിനെ നോക്കിയിട്ട്, ഇതു എബ്രായരുടെ പൈതങ്ങളിലൊന്ന് എന്നാണ് അഭിപ്രായപ്പെട്ടത് (പുറ. 2:6–7). രാജകുമാരി വിദേശീയന്റെ ലക്ഷണം പൈതലിന്റെ മുഖത്തു കണ്ടു മനസ്സിലാക്കി. ഫെലിസ്ത്യർ യിസ്രായേല്യരെ എബ്രായർ എന്ന പേരിലാണ് പരാമർശിക്കുന്നത് (1 ശമു. 4:6,9; 13:19). എന്നാൽ യിസ്രായേല്യരെയും എബ്രായരെയും വ്യത്യസ്ത ജനവിഭാഗമായി പരിഗണിക്കുന്നുവെന്ന ധാരണയാണ് 1 ശമു. 14:21–ൽ കാണുന്നത്.

പദോല്പത്തിയെക്കുറിച്ച് ചില സൂചനകൾ വംശാവലിയിൽ കാണാൻ കഴിയും. എബ്രായഭാഷയിൽ ഇവ്റിയും (എബ്രായൻ) ഏബെർ/ഏവർ ഉം തമ്മിൽ അടുത്ത ബന്ധമുണ്ട്. അബ്രഹാമിന്റെ പൂർവ്വികനാണ് ഏബെർ (ഉല്പ. 11:10–26). ക്രിയാധാതുവിന് (അ–ബ–റ) കടക്കുക (ഉദാ: അതിർ കടക്കുക, പുഴ കടക്കുക) എന്നർത്ഥം. ശെഖേമിൽ വച്ച് യോശുവ യിസ്രായേൽ ജനതയ്ക്കു നല്കുന്ന പ്രബോധനത്തിന്റെ ആമുഖത്തിൽ, "നിങ്ങളുടെ പിതാക്കന്മാർ പണ്ട് നദിക്കക്കരെ" വസിച്ചിരുന്നെന്നു പ്രസ്താവിക്കുന്നു. 'അക്കരെ' എന്നതിന്റെ മൂലപാഠം 'ഏബെർ'. ഈ പരാമർശങ്ങളെ അടിസ്ഥാനമാക്കി ആധികാരികമായ പദവിന്യാസത്തിന് പണ്ഡിതർ മുതിരുന്നില്ലെന്നും പ്രസ്താവിക്കേണ്ടതുണ്ട്.



പുതിയനിയമത്തിലേക്ക് കടന്നാൽ യവനസ്വാധീനത്തിന് കീഴ്പ്പെടാതിരുന്ന യഹൂദർക്കു മാത്രമായി ഈ ശബ്ദം പരിമിതപ്പെടുന്നതായി കാണാം. അ.പ്ര. 6:1 അതുകൊണ്ടാണ് തർശീശിൽ ജനിച്ച പൗലോസ് സ്വയം എബ്രായനായി വിശേഷിപ്പിക്കുന്നത്. 2 കൊരി. 11:22; ഫിലി. 3:5.

അബ്രാമിൽ നിന്നാണ് എബ്രായ എന്ന പദം ഉണ്ടായത് എന്ന അഭിപ്രായം പണ്ഡിതന്മാർ തള്ളിക്കളഞ്ഞിട്ട് കാലം ഏറെ ആയി. ഏബർ ആവാം എന്ന് വില്യംസ് സൂചിപ്പിക്കുന്നുണ്ട്. എങ്കിലും അദ്ദേഹത്തിനും അതിനെക്കാൾ പഥ്യം ഭൂമിശാസ്ത്രബദ്ധമായ ഒരു നിഷ്പത്തിയാണ്. 'ഒരു അതിരിനപ്പുറം കടന്ന ജനം' എന്നു പറയുമ്പോൾ യവുസേബിയസ് ആത്മീയ തലത്തിൽ ആണ് അത് ഗ്രഹിക്കുന്നത് (വ്യാജദേവന്മാരെയും ശാരീരികമോഹങ്ങളെയും ഉപേക്ഷിച്ച് യഥാർത്ഥ ദൈവത്തിൽ വിശ്വസിക്കുകയും അറിവിന്റെയും ഭക്തിയുടെയും മണ്ഡലത്തിൽ എത്തിച്ചേരുകയും ചെയ്തവരാണ് എബ്രായർ) ചെങ്കടൽ, യോർദാൻ നദി, യൂഫ്രട്ടീസ് ഇവയിൽ ഒന്ന് കടന്നവർ എന്നാണ് ചില ആധുനിക പണ്ഡിതന്മാരുടെ ചിന്ത. എങ്കിലും സെയിസ് (ഓക്സ്ഫോഡിലെ അസിറിയോളജി പ്രൊഫസർ ആയിരുന്നു) The origin and first use of the name Hebrew are still a matter of doubt എന്ന് പറയുന്നിടത്ത് നിർത്തുകയാണ് ഉചിതം എന്നുതോന്നുന്നു. ക്രി.മു. 20–ാം നൂറ്റാണ്ടിൽ ഊറിൽ എഴുതപ്പെട്ട ചില രേഖകളിലും ക്രി.മു. 2000–1800 കാലത്ത് ഏഷ്യാമൈനറിലെ അസിറിയൻ കോളണി ആയിരുന്ന കപ്പദോക്യയിലുളവായ രേഖകളിലും, മാറിരേഖകൾ (Mari texts) എന്നറിയപ്പെടുന്നവയിലും (ക്രി.മു. 18–ാം നൂറ്റാണ്ട്) നിന്ന് ഉരുത്തിരിയുന്ന ചിത്രം യുദ്ധസാമർത്ഥ്യം ഉള്ള ഒരു ജനതയുടേതാണ്. ഇവർ ജനപദങ്ങളിൽ വസിച്ചിരുന്നവരാണെന്നും നാടോടികളായി നടന്നവരാണെന്നും പറയുന്ന രണ്ടു ചേരികൾ ഉണ്ട് പണ്ഡിതലോകത്തിൽ. ക്രി. മു. 15–ാം നൂറ്റാണ്ടിലെ ചില സിറിയൻരേഖകൾ ഇക്കൂട്ടരെ യോദ്ധാക്കൾ, കൂലിപ്പടയാളികൾ, കൊള്ളക്കാർ ഇങ്ങനെയൊക്കെ വിവരിക്കുന്നു. നരവംശപരം എന്നതിനെക്കാൾ സാമൂഹികം ആയിരുന്നു ഇവരുടെ തിരിവ്:താഴെക്കിടയിലുള്ളവരായിരുന്നു ഹബിറു. ഇറാക്കിലെ നുസുവിൽ കണ്ടെത്തിയ ചില രേഖകളിൽ ഹബിറു ഏർപ്പെട്ട ചില തൊഴിൽക്കരാറുകൾ കാണുന്നു. അടിമകളെക്കാൾ ഉയർന്ന നിലയുള്ള കരാർ തൊഴിലാളികളായിരുന്നു ഹബിറു. ക്രി.മു. 14–ാം നൂറ്റാണ്ടിലെ അമർണലിഖിതങ്ങളിൽ ഈജിപ്തിന്റെ ശക്തിയെ വെല്ലുവിളിക്കുന്ന അബ്ദി അഷിർത്താ, മകൻ അസിരു എന്നീ കനാന്യരാജാക്കന്മാരുടെ കൂലിപ്പടയാളികളാണ് ഹബിറു. അപിരു എന്ന് ഈജിപ്ഷ്യൻ രേഖകളിൽ കാണുന്നവർ യുദ്ധത്തടവുകാരായ അടിമപ്പണിക്കാർ ആയിരുന്നു. പിറന്ന മണ്ണിൽ നിന്ന് പിഴുതെറിയപ്പെട്ട ഹതഭാഗ്യർ ഒത്തുചേർന്നപ്പോൾ കനാൻ മുതൽ മെസപ്പൊട്ടോമിയ വരെയുള്ള ഫലഭൂയിഷ്ഠഭൂമിയിൽ ഹബിറു ഗണനീയമായ ഒരു ശക്തി ആയി. തുടക്കത്തിൽ മെസപ്പൊട്ടോമിയയിൽ നുഴഞ്ഞുകയറിയ അമോര്യർ ആയിരുന്നു ആദ്യകാല ഹബിറു. പിന്നീട് സമാന സാമൂഹികതലങ്ങളിൽ നിന്ന് ഉള്ളവർ ഏതു കുലം ആയാലും ഹബിറു ആയി. ബൈബിളിൽ എബ്രായ ഒരു ഗോത്ര(വർഗ) നാമം ആണ്. അതുകൊണ്ട് ഹബിറു ആവാൻ ഇടയില്ല. എന്നാൽ തീർത്തും അന്യമാണ് എന്നു പറയാവതല്ല. ഏബറിന്റെ പിന്മുറക്കാരാണ് ആരാമ്യരും ഇസ്രായേല്യരും. എന്നാൽ ആരാമ്യരെ എബ്രായരായി ബൈബിൾ അംഗീകരിക്കുന്നില്ല. ഹബിറുവിനെപ്പോലെ ഇസ്രായേൽ പെരുമാറുന്നതിന്റെ ഉദാഹരണങ്ങൾക്ക് ന്യായ. 9:4, 11:3; 1 ശമു. 22:2, 27:1–12 കാണുക.

ക്രി.മു. ഇരുപതാം നൂറ്റാണ്ടുമുതൽ പതിനഞ്ചാം നൂറ്റാണ്ടുവരെ മെസൊപ്പൊത്താമ്യയിലെ പല സ്ഥലങ്ങളിൽനിന്നും (ഊർ, അലാലാക്, നൂസി) ലഭിച്ച രേഖകളിൽ പരാമർശിക്കപ്പെടുന്ന ഹബീറു ഒരു പ്രത്യേക ഗോത്രമോ വംശമോ അല്ല, രാജാക്കന്മാരെ സേവിക്കുന്ന വിദേശികളായ സൈനികരോ, സേവകരോ ആണ്. ക്രി.മു. പതിനാലാം നൂറ്റാണ്ടിൽ പലസ്തീനിൽ പ്രത്യക്ഷപ്പെടുന്ന ഹബീറു കൊള്ളയും കവർച്ചയും നടത്തുന്നവരാണ്. ഇവരെക്കുറിച്ച് കനാന്യരാജാക്കന്മാർ പരാതിപ്പെടുന്നതായി അമാർനാ ലിഖിതങ്ങൾ സൂചന നല്കുന്നു. ഇതര ചരിത്ര തെളിവുകൾ കണക്കിലെടുത്താൽ എബ്രായർ പലസ്തീനിൽ അധിനിവേശം ചെയ്യുന്നത് കുറഞ്ഞത് ഒരു നൂറ്റാണ്ടിനുശേഷമാണ്. അതുകൊണ്ട് ചരിത്രപരമായി ബഹീറു എന്നകൂട്ടരെ എബ്രായരുമായി ബന്ധിപ്പിക്കുവാൻ സാദ്ധ്യമല്ല. ഈജിപ്റ്റ് രേഖകളിലെ 'അപീറുവും ഗബീറുവും തമ്മിൽ അക്ഷരവിന്യാസത്തിൽ വ്യത്യാസമുണ്ട്.

## എബ്രായ ഭാഷ

ഒരു സെമിറ്റിക് ഭാഷ. ബാബിലോണിയൻ, അസിറിയൻ, അരമായ, കനാന്യ, എബ്രായ, മോവാബ്യ, ഫിനിഷ്യൻ ഭാഷകൾ ഔത്തരാഹവിഭാഗത്തിലും അറബി തുടങ്ങിയവ ദാക്ഷിണാത്യ വിഭാഗത്തിലും പെടുന്ന സെമിറ്റിക് ഭാഷകളാണ്. ഇവയിൽതന്നെ അരമായ, കനാന്യ എന്നിവ വടക്കുപടിഞ്ഞാറൻ സെമിറ്റിക് എന്ന ഉപഗണം ആണ്. എബ്രായ, മോവാബ്യ, ഫിനിഷ്യൻ ദേശഭേദങ്ങൾ ഈ ഉപഗണത്തിൽപെടുന്നു.

കനാന്യഭാഷയുടെ ഇസ്രായേല്യദേശഭേദം (Israelitish dialect) എന്ന് എബ്രായഭാഷയെ നിർവചിക്കാം. പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന എബ്രായയ്ക്ക് 'പാശ്ചാത്യഭാഷ' എന്ന് അസിറിയരും, 'കനാൻഭാഷ', 'യൂദാഭാഷ' എന്നിങ്ങനെ ബൈബിളിന്റെ എഴുത്തുകാരും, 'വിശുദ്ധഭാഷ' എന്ന് റബ്ബിമാരും പേർ വിളിച്ചിട്ടുണ്ട്. ക്രി.മു. 2000 മുതൽ സിറിയയിലും പലസ്തീനിലും പരക്കെ ഉപയോഗത്തിലിരുന്നത് കനാന്യഭാഷ ആയിരുന്നു. അതിന്റെ ദേശഭേദമായ എബ്രായയിൽ പഴയനിയമം എഴുതപ്പെട്ടത് ഏതാണ്ട് ആയിരത്തിലേറെ വർഷങ്ങളുടെ ഇടവേളകളിലാണ്. എന്നാൽ അത്രയ്ക്കുള്ള വ്യത്യാസം വിവിധ ഗ്രന്ഥങ്ങളുടെ ശൈലികൾ തമ്മിൽ കാണാനില്ല എന്ന് കുക്ക് പറയുന്നു. എങ്കിലും ക്രി.മു. 450 ഒരു വിഭജനരേഖയായി അദ്ദേഹം സ്വീകരിക്കുന്നുണ്ട്. ക്രി.മു. 500 മുതൽ ഇങ്ങോട്ട് അരമായ പലസ്തീനിലെ സംസാരഭാഷ ആയതായി മക്കെൻസിയും ഈ കാലയളവിലെ രചനകളിൽ അരമായസ്വാധീനം ദൃശ്യമാണെന്ന് കുക്കും അഭിപ്രായപ്പെടുന്നു. നിയോ–ഹീബ്രു എന്നു പറയുന്നത് തൽമൂദിലെയും മിഷ്നയിലെയും എബ്രായയ്ക്കാണ്. ഇപ്പോൾ ഇസ്രായേലിൽ ഔദ്യോഗികഭാഷ ആയിരിക്കുന്ന എബ്രായ ഇപ്പറഞ്ഞ മൂന്നു ഘട്ടങ്ങളിലെ ഭാഷയിൽ നിന്നും വ്യത്യസ്തമാണ്.

എസ്രാ, ദാനിയേൽ എന്നീ ഗ്രന്ഥങ്ങളുടെ ഏതാനും ഭാഗങ്ങളൊഴിച്ചാൽ പഴയനിയമം എഴുതിയിരിക്കുന്നത് എബ്രായ ഭാഷയിലാണ്. എസ്രാ 4:8, 6:18, 7:12–26; ദാനി. 2:4–7, 28 എന്നീ പാഠഖണ്ഡങ്ങളിലെ ഭാഷ അരാമ്യയാണ്. കൂടാതെ, ഇതര പ്രാചീന ഭാഷകളിൽ നിന്നും ഏതാനും പദങ്ങൾ ഇല്ലാതില്ല. ഉല്പ. 31:47ൽ ലാബാനും യാക്കോബും സ്ഥാപിച്ച കൽക്കൂമ്പാരത്തെ ലാബാൻ അരാമ്യഭാഷയിൽ വിശേഷിപ്പിക്കുന്നു (യ്ഗർ സാഹദൂതാ). എസ്ഥേറിന്റെ പുസ്തകത്തിൽ ചില പേർഷ്യൻ പദങ്ങളുണ്ട്. ദാനിയേലിൽ ചില പേർഷ്യൻ പദങ്ങളും ഗ്രീക്കു വാക്കുകളും കാണുന്നു.

അബ്രഹാമിനെ എബ്രായൻ എന്നും, യിസ്രായേല്യരെ എബ്രായർ എന്നും ഉല്പത്തിയിലും പുറപ്പാടിലും വിശേഷിപ്പിച്ചിരിക്കുന്നു (ഉല്പ. 14:13; പുറ. 3:18). 'എബ്രായ' എന്ന് യഹൂദരുടെ ഭാഷയെ ആദ്യമായി വിശേഷിപ്പിക്കുന്നത് ബെൻസീറാ അഥവാ എക്ലീസിയാസ്റ്റിക്കസ് എന്ന ഗ്രന്ഥത്തിന്റെ മുഖവുരയിലാണ്. കൂടാതെ, കനാന്യ ഭാഷയെന്നും (യെശ. 19:18), യഹൂദഭാഷയെന്നുമുള്ള പരാമർശങ്ങളും പഴയനിയമത്തിൽ കാണുന്നുണ്ട് (2 രാജാ. 18:26,28; 2 ദിന. 32:18; നെഹെ. 13:24; യെശ. 36:11,13).

അബ്രഹാം ഏതു ഭാഷ സംസാരിച്ചിരുന്നുവെന്നു നിശ്ചയമില്ല. മെസൊപ്പൊത്താമ്യയിലെ പുരാതന അരാമ്യഭാഷ ആയിരുന്നിരിക്കണം (ആവ. 26:5). കനാനിൻ അധിനിവേശം ചെയ്ത യിസ്രായേല്യർ സംസാരിച്ചത് പുരാതന അരാമ്യയുടെ ഒരു ഉപഭാഷ ആയിരുന്നുവെന്നു ഊഹിക്കാം. പ്രസ്തുത ഭാഷയ്ക്ക് ഫിനിഷ്യ, കനാന്യ ഉപഭാഷകളുമായി അടുത്ത ബന്ധമുണ്ടായിരുന്നുവെന്നു പണ്ഡിതർ കരുതുന്നു. ഫിനീഷ്യ, കനാന്യ ഭാഷകളും പരസ്പരം ബന്ധപ്പെട്ട ഭാഷകളായിരുന്നു. കനാന്യ ഭാഷ എന്ന യെശ. 19:18–ലെ പരാമർശം അന്വർത്ഥമാണ്. എബ്രായ ഭാഷയിൽ തന്നെ ഭാഷാഭേദങ്ങൾ ഉണ്ടായിരുന്നു. ഉദാ. പലസ്തീനിന്റെ ദക്ഷിണഭാഗങ്ങളിൽ വസിച്ചിരുന്നവർ 'ഷ' ഉച്ചരിക്കുന്ന സ്ഥാനത്ത് ഉത്തരപ്രദേശങ്ങളിലെ ആളുകൾ (എഫ്രയീമ്യർ) 'സ' എന്നു ഉച്ചരിച്ചു പോന്നു. തെക്കുള്ളവർ 'ഷിബ്ബോലെത്ത്' (മലായളം ബൈബിളിലെ ശിബ്ബോലെത്ത് ശരിയല്ല) എന്നു പറയുമ്പോൾ വടക്കുള്ളവർ സംസാരിച്ച ഉപഭാഷയിൽ 'സിബ്ബോലെത്ത്' എന്നായിരുന്നു ഉച്ചാരണം (ന്യായാ. 12:5–6).

*തുടരും*

നർമ്മം

# പത്രോസ് കല്യാണം കഴിച്ചിട്ടില്ല



**കൊ**ച്ചുവെളുപ്പാൻകാലത്ത് കോട്ടുവാ ഇട്ടുകൊണ്ട് അയൽവാസിയായ ഗോവിന്ദപ്പിള്ള അന്തോണിച്ചേട്ടന്റെ വീട്ടിലേക്ക് കയറിച്ചെന്നു.

അന്തോണിച്ചേട്ടൻ രാവിലെ കട്ടൻകാപ്പി കുടിച്ചുകൊണ്ടിരിക്കുകയാണ്. പിള്ളേച്ചന്റെ വരവിന്റെ ഉദ്ദേശ്യം മനസ്സിലാക്കിയ അന്നാമ്മച്ചേടത്തി ഒരു ഗ്ലാസ് കാപ്പി അയാൾക്കും കൊടുത്തു.

"രാവിലെ ഇതൊന്നും വേണ്ടായിരുന്നു" എന്ന് പറയാതെ പ്രൈമറി ക്ലാസ്സിലെ കുട്ടി ടീച്ചറിന്റെ കൈയിൽ നിന്ന് സമ്മാനം സ്വീകരിക്കുന്നതുപോലെ പിള്ളേച്ചൻ രണ്ട് കയ്യും നീട്ടി അത് വാങ്ങി.

ചൂടുകാപ്പി കുടിച്ച് തണുപ്പൊക്കെ മാറിക്കഴിഞ്ഞപ്പോൾ പിള്ളേച്ചൻ ഒരു സംശയം ഉന്നയിച്ചു.

"അല്ല, അന്തോണി മാപ്പിളേ, എനിക്കൊരു സംശയം."

"തനിക്കെപ്പോഴും സംശയമല്ലേയുള്ളു. തന്റെ ഭാര്യയെപ്പോലും സംശയിക്കുമായിരുന്നല്ലോ. അതുകൊണ്ടല്ലേ അവര് കൂടും കുടുക്കയും ഉപേക്ഷിച്ച് വീട്ടിൽ പോയത്. ആകട്ടെ, ഇപ്പോഴത്തെ സംശയമെന്താ?"

"കുറച്ച് നാളായി ഞാനൊരു കാര്യം ചോദിക്കണമെന്ന് കരുതിയിട്ട്."

"എന്താ ഇത്ര വലിയ സംശയം.?"

"നിങ്ങളു കത്തോലിക്കാ ക്രിസ്ത്യാനികളല്ലേ?"

"അത് തനിക്കറിയാവുന്ന കാര്യമല്ലേ? ഇപ്പോഴെന്താ ഇങ്ങനെയൊരു സംശയം വന്നത്?"

"നിങ്ങടെ അച്ചന്മാരും മെത്രാന്മാരുമൊക്കെ കല്യാണം കഴിക്കാത്തതിന്റെ കാര്യമെന്താ? യാക്കോബായിലെയും മാർത്തോമ്മായിലെയും അച്ചന്മാര് കല്യാണം കഴിക്കുമല്ലോ?"

ഓ, ഇതാണോ ഇത്ര വലിയ സംശയം? ഞാൻ വിചാരിച്ചു വലിയ ആനക്കാര്യമാണെന്ന്! എടോ യേശുക്രിസ്തു കല്യാണം കഴിച്ചിട്ടില്ല. ശിഷ്യന്മാരും കല്യാണം കഴിച്ചില്ല. പത്രോസിന്റെ സിംഹാസനത്തിലാണ് മാർപ്പാപ്പ ഇരിക്കുന്നത്. യേശുവിന്റെ ശിഷ്യനായ പത്രോസ് കല്യാണം കഴിച്ചിട്ടില്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ കീഴിലുള്ള മാർപാപ്പായും മെത്രാന്മാരും അച്ചന്മാരും കല്യാണം കഴിക്കാറില്ല."

"യാക്കോബായക്കാരുടെ അന്തോഖ്യയിലുള്ള പാത്രിയർക്കീസ് ബാവായും പത്രോസിന്റെ സിംഹാസനത്തിലിരിക്കുന്ന ആളാണെന്നാണല്ലോ അവരുടെ ആൾക്കാര് പറയുന്നത്. എന്നിട്ട് അവരുടെ അച്ചന്മാര് കല്യാണം കഴിക്കുന്നുണ്ടല്ലോ. അതുപോട്ടെ, പത്രോസ് കല്യാണം കഴിച്ചിട്ടില്ലെന്നാണോ അന്തോണി മാപ്പിള പറയുന്നത്?" പിള്ളേച്ചൻ വിട്ടുകൊടുക്കാൻ ഭാവമില്ല.

"അതു ശരിയാ"

"പത്രോസിന്റെ അമ്മായിയമ്മയ്ക്ക് പനിയായിരുന്നു എന്നു പറഞ്ഞ് കഴിഞ്ഞയാഴ്ച ഒരു ഉപദേശി പ്രസംഗിക്കുന്നത് കേട്ടല്ലോ. കല്യാണം കഴിക്കാത്ത ആളിനെങ്ങനെയാ അമ്മായിയമ്മ ഉള്ളത്?"

ഇത് കേട്ടപ്പോൾ അന്തോണിച്ചേട്ടന് ഉത്തരം മുട്ടി. നാവിറങ്ങിപ്പോയതുപോലെ! എന്താണു മറുപടി പറയേണ്ടതെന്നറിയാതെ വിഷമിച്ചു. നാണക്കേടുകൊണ്ട് മുഖം വിളറി.

ഒന്നാം തീയതി രാവിലെ ഇത്രയും വലിയ പാരയുമായിട്ടാണല്ലോ പിള്ള വന്നിരിക്കുന്നതെന്നോർത്തപ്പോൾ അയാളോട് ഉള്ളിൽ ദേഷ്യം തോന്നി.

ഉമ്മറത്തെ സംസാരം മുഴുവൻ അടുക്കളയിലിരുന്ന് അന്നാമ്മച്ചേടത്തി ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

പിള്ളേച്ചൻ ഒരു വലിയ ഊരാക്കുടുക്കിലാണ് തന്റെ ആമ്പ്രന്നോനെ പെടുത്തിയിരിക്കുന്നതെന്ന് അവർക്കു മനസ്സിലായി. അയാളുടെ ചോദ്യത്തിന് ഉത്തരം കഴുക്കോലും പട്ടികയുമൊന്നും കണ്ടുപിടിക്കാൻ തനിക്കും ആവില്ലെന്ന് ചേടത്തിക്ക് മനസ്സിലായി.

എങ്കിലും അന്യജാതിക്കാരന്റെയടുത്ത് സ്വന്തം വിശ്വാസങ്ങളുടെ കാര്യത്തിൽ തോറ്റുകൊടുക്കാനാവില്ലല്ലോ. എങ്ങനെയെങ്കിലും തന്റെ ഭർത്താവിനെ ആ ഏടാകൂടത്തിൽ നിന്ന് രക്ഷപ്പെടുത്തുകയും വേണം.

പ്രതിഭാഗത്തിനുവേണ്ടി കേസു വാദിക്കാൻ കോടതിയിൽ കയറിയ വക്കീലിനെപ്പോലെ അന്നാമ്മച്ചേടത്തി അങ്ങോട്ടു വന്നു.

"പിള്ളേച്ചാ, ഇതിയാൻ പറഞ്ഞതു ശരിയാ. രണ്ടു പത്രോസുണ്ടായിരുന്നു. അതിൽ ഒന്നാമത്തെ പത്രോസിന്റെ സിംഹാസനത്തിലാ ഞങ്ങളുടെ മാർപ്പാപ്പാ ഇരിക്കുന്നത്. ഞങ്ങളുടെ പത്രോസ് കല്യാണം കഴിച്ചിട്ടില്ല. അതുകൊണ്ട് മെത്രാന്മാരും അച്ചന്മാരും കല്യാണം കഴിക്കുന്നില്ല. രണ്ടാമത്തെ പത്രോസിന്റെ സിംഹാസനത്തിലാ യാക്കോബായക്കാരുടെ പാത്രിയർക്കീസ് ഇരിക്കുന്നത്. ആ പത്രോസ് കല്യാണം കഴിച്ചതാ. അതുകൊണ്ട് അവരുടെ അച്ചന്മാരു കല്യാണം കഴിക്കും. രണ്ടാമത്തെ പത്രോസിന്റെ അമ്മായിയമ്മയ്ക്കാ പനി വന്നത്" അന്നാമ്മച്ചേടത്തിയുടെ വാക്കുകൾ കേട്ട് പിള്ളേച്ചൻ മിഴിച്ചിരുന്നു.

"അങ്ങനെയാണോ? രണ്ട് പത്രോസുണ്ടെന്ന് ആദ്യമായി കേൾക്കുകയാ. ഒരാളെപ്പറ്റിയേ ഞാൻ കേട്ടിട്ടുള്ളു."

ബൈബിൾ സംബന്ധിച്ചും ക്രിസ്ത്യാനികളെ സംബന്ധിച്ചും കുറെയൊക്കെ അറിവുള്ള പിള്ളേച്ചൻ വിട്ടുകൊടുക്കാൻ തയ്യാറല്ല. ചുറ്റിയ പാമ്പ് കടിച്ചേ പോകൂ എന്ന മട്ടിൽ അയാൾ നിന്നു പൊരുതുകയാണ്.

അതു വല്ലതുമുണ്ടോ അന്നാമ്മച്ചേടത്തിയുടെയടുത്ത് ചെലവാകുന്നു!

"പിള്ളേച്ചന്റെ സംശയം തീർന്നില്ലേൽ ഞാൻ തീർത്തു തരാം."

അവർ അകത്തു ചെന്ന് ഒരു ബൈബിളുമായി വന്നു. ബൈബിളിൽ 1 പത്രോസ്, 2 പത്രോസ് എന്നെഴുതിയിരിക്കുന്ന ഭാഗം അവർ പിള്ളേച്ചന് കാണിച്ചുകൊടുത്തു. അതുകണ്ടപ്പോൾ പിള്ളേച്ചന്റെ സംശയം തീർന്നു.

മതപരമായ കാര്യങ്ങളിൽ അന്നാമ്മച്ചേടത്തിയ്ക്കുള്ള പാണ്ഡിത്യം അപാരം തന്നെ എന്ന ഭാവത്തിൽ ഒരക്ഷരം മിണ്ടാതെ പിള്ളേച്ചൻ ഇറങ്ങിപ്പോയി.

ബൈബിളിൽ പത്രോസ് എഴുതിയ ലേഖനങ്ങൾ 1 പത്രോസ്, 2 പത്രോസ് എന്ന ശീർഷകങ്ങളിലാണ് കൊടുത്തിരിക്കുന്നത്.

അത് യുക്തിപൂർവ്വം കാണിച്ചാണ് പിള്ളേച്ചനിൽ നിന്ന് അന്തോണിച്ചേട്ടനെ രക്ഷിച്ചത്.

ദീർഘകാലം തങ്ങളുടെ സഭയിൽ ശുശ്രൂഷ ചെയ്തതിന് ശേഷം മറ്റൊരു സഭയിലേക്ക് സ്ഥലംമാറ്റപ്പെട്ട പാസ്റ്റർക്ക് സഭാംഗങ്ങളുടെ വകയായി യാത്രയയപ്പ് നൽകി. യാത്രയയപ്പ് സമ്മേളനത്തിൽ യുവസുവിശേഷക മേരിക്കുട്ടി പ്രസംഗിച്ചു: "ബഹുമാനപ്പെട്ട പാസ്റ്റർ തോമസുകുട്ടി സ്ഥലംമാറി പോകുന്നതിൽ സഹോദരിമാരായ ഞങ്ങൾക്ക് അതിയായ സങ്കടമുണ്ട്. . കാരണം, പാപം എന്താണെന്ന് ഞങ്ങളെ പഠിപ്പിച്ച് തന്നത് പാസ്റ്ററാണ്."

**കെ. ബാബു**

---

# എന്തുകൊണ്ട് ദൈവം മറിയയെ തിരഞ്ഞെടുത്തു



**നി**ർബന്ധമായി തിരഞ്ഞെടുക്കത്തക്ക രീതിയിൽ മറിയയിൽ നന്മയും പൂർണ്ണതയും ഉള്ളതായി വചനം പറയുന്നില്ല. മറിച്ച്, ദൈവം അവളെ തിരഞ്ഞെടുത്ത് തന്റെ കൃപ പ്രകടിപ്പിക്കുന്നതായിട്ടാണ് എന്നാണ് നമ്മോടു പറയുന്നത്. "കൃപ ലഭിച്ചവളേ, നിനക്കു വന്ദനം!" (ലൂക്കോ. 1:28) എന്ന വാക്കുകളോടെയാണ് ദൂതൻ മറിയയെ വന്ദനം ചെയ്തത്. "കൃപ ലഭിച്ചവൾ" എന്നത് "കൃപ" എന്നതിനുള്ള ഗ്രീക്ക് വാക്കിന്റെ രൂപത്തിൽ നിന്ന് തർജ്ജിമ ചെയ്തതും "കൃപ" എന്ന വാക്ക് "അനർഹമായ ഉപകാര"ത്തെക്കുറിച്ചും പറയുന്നു. എന്നിരുന്നാലും, ദൈവം തിരഞ്ഞെടുക്കത്തക്ക പ്രത്യേക ഗുണങ്ങൾ മറിയയിൽ ഉണ്ടായിരുന്നിരിക്കണം. അതുകൊണ്ട്, നാം വീണ്ടും ചോദിക്കുന്നു, "ആ ഗുണങ്ങൾ എന്തെല്ലാം ആയിരുന്നു?" ഈ പാഠത്തിൽ, "എന്തുകൊണ്ട് ദൈവം മറിയയെ തിരഞ്ഞെടുത്തു" എന്നതു കണ്ടെത്തുവാനായി നമുക്ക് അവളുടെ ജീവിതത്തെ പരിശോധിക്കാം.

ആദ്യം ലൂക്കോസ് 1:26-ലേക്കു പോകാം. ആ വാക്യം തുടങ്ങുന്നത് ഇങ്ങനെയാണ്, "ആറാം മാസത്തിൽ..." അപ്പോൾ യോഹന്നാൻ സ്നാപകന്റെ അമ്മയായ, എലീശബെത്ത് ഗർഭിണിയായിട്ട് ആറാം മാസം ആയിരുന്നു. "ആറാം മാസത്തിൽ ദൈവം ഗബ്രീയേൽ ദൂതനെ നസറേത്ത് എന്ന ഗലീലപട്ടണത്തിലേക്ക് അയച്ചു." ഗലീലാ കടലിന്റെ പടിഞ്ഞാറേ അറ്റത്ത് പതിനഞ്ചുമൈലുകൾ ദൂരെയായും മദ്ധ്യധരണ്യാഴിയിൽ നിന്ന് ഇരുപത്തിരണ്ട് മൈലുകൾ ദൂരെ ആയും സ്ഥിതിചെയ്തിരുന്ന ഒരു ചെറിയ ഗ്രാമമായിരുന്നു നസറേത്ത്, അത് ലബനോൻ പർവ്വതനിരകളുടെ തെക്കേ അറ്റത്തുമായിരുന്നു.

ദൂതനെ അയച്ചത് "ദാവീദ് ഗൃഹത്തിലുള്ള യോസേഫ് എന്നൊരു പുരുഷനു വിവാഹം നിശ്ചയിച്ചിരുന്ന, കന്യകയുടെ അടുക്കലേക്കായിരുന്നു" (ലൂക്കോ. 1:27). ദാവീദ് രാജാവിന്റെ പിൻഗാമി ആയിരുന്നു യോസേഫ്, വളരെ പ്രയാസത്തിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്ന സമയമായിരുന്നു. യോസേഫ് ഒരു ദരിദ്രനായ തച്ചൻ ആയിരുന്നു (മത്താ. 13:55). അവൻ നസറേത്തിലായിരുന്നു താമസിച്ചിരുന്നത് (ലൂക്കോ. 2:4).

കന്യകയുടെ പേര് മറിയ എന്നായിരുന്നു (1:27). "മിരിയാം" എന്ന എബ്രായ പേരിന്റെ ഗ്രീക്ക് രൂപമാണ് "മറിയ" എന്നത്. യോസേഫിനെപോലെ, അവളും ദാവീദ് രാജാവിന്റെ ഗൃഹത്തിൽ നിന്നുള്ളവളും, താഴ്ന്ന കുടുംബത്തിൽ നിന്നു വന്നവളും ആയിരുന്നുവെന്ന് സ്പഷ്ടമാണ്. മറിയ വിവാഹനിശ്ചയം ചെയ്യപ്പെട്ടിരുന്നു – അല്ലെങ്കിൽ യോസേഫുമായുള്ള – വിവാഹം നടത്തുവാൻ തീരുമാനിച്ചിരുന്നു (മത്താ. 1:18). അക്കാലത്ത്, കൂടുതലും വിവാഹനിശ്ചയങ്ങൾ ഒരു സ്ത്രീയുടെ ജീവിതത്തിൽ വളരെ നേരത്തെയായിരുന്നു നടന്നിരുന്നത്, അതുകൊണ്ട് ഗബ്രിയേൽ അവൾക്കു പ്രത്യക്ഷനായപ്പോൾ മറിയക്ക് കൗമാരപ്രായം ആയിരുന്നിരിക്കാം.

ദൈവത്തിന്റെ ഉദ്ദേശങ്ങൾ നിറവേറ്റപ്പെടുന്ന കാര്യത്തിൽ, ചുറ്റുപാടുകൾക്കും സാഹചര്യങ്ങൾക്കും ഒരു പ്രാധാന്യവുമില്ല. ദൈവത്തിന് ഏതു സ്ഥലത്തേയും ഏതൊരാളേയും ഉപയോഗിക്കുവാൻ കഴിയും.

**തുടരും.**

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# ദൈവിക ശുശ്രൂഷക്കാർ



ജോർജ്ജ് ചെറിയാൻ

**കാ**ലാകാലങ്ങളിൽ ദൈവം തന്റെ സന്ദേശം ജനങ്ങളെ അറിയിക്കുവാൻ അനേകരെ ഉപയോഗിച്ചിട്ടുണ്ട്. പഴയനിയമത്തിൽ പ്രവാചകന്മാരായും പുതിയ നിയമത്തിൽ അപ്പൊസ്തലന്മാരായും ശിഷ്യന്മാരായും അനേക വിധത്തിൽ മനുഷ്യജീവിതങ്ങളെ തന്റെ ശുശ്രൂഷയ്ക്കായി ദൈവം വേർതിരിച്ചിട്ടുണ്ട്. യിരെ. 1:7-9ൽ ഒരു പ്രവാചകനെ തിരഞ്ഞെടുക്കുമ്പോൾ, അമ്മയുടെ ഗർഭത്തിൽ ഉരുവാകുന്നതിനുമുമ്പെ ദൈവം തന്റെ ദാസനെ അറിഞ്ഞിരുന്നു എന്ന് നാം വായിക്കുന്നു. ഇത് മനുഷ്യ ബുദ്ധിക്ക് ഒരു രഹസ്യം തന്നെയാണ്. ദൈവജനത്തെ പീഡിപ്പിച്ചു കൊണ്ടിരുന്ന ശൗലിന്റെ വിളിയെപ്പറ്റി ദൈവം അനന്യാസിനോടു പറയുമ്പോഴും ഈ സത്യം വെളിപ്പെടുത്തുന്നു. അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽ മക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നോരു പാത്രം ആകുന്നു.

ഇത് നമുക്ക് ഉത്സാഹം നല്കുന്ന ഒരു സന്ദേശമത്രെ. ഒരു ദൈവിക ശുശ്രൂഷക്കാരൻ ദൈവത്തിന്റെ അനാദിയായുള്ള പരിപാടിയിൽ ഉൾപ്പെടുന്നവനാണ്. നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല; ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു എന്നത്രെ കർത്താവു പറയുന്നത്. ഈ ലോകത്തിൽ കർത്താവു ജീവിച്ചപ്പോൾ, ഗലീലക്കടൽതീരത്തു നടന്നതും, ചുങ്കം പിരിച്ചവന്റെ മേശയ്ക്കരികിൽ വന്നതും, അത്തിയുടെ ചുവട്ടിൽ വന്നപ്പോൾ അവിടെ നിന്നതും, പടകിൽ കയറി അക്കരയ്ക്ക് പോയതും എല്ലാം ദൈവത്തിന്റെ ഈ പരിപാടിയിൽ പെട്ടതുതന്നെയാണ്.

ദൈവത്തിന്റെ ശുശ്രൂഷകർ പേർചൊല്ലി വിളിക്കപ്പെട്ടവരുമാണ്. വേദപുസ്തകത്തിന്റെ താളുകൾ മറിച്ചു നോക്കുമ്പോൾ ഇത് വളരെ വ്യക്തമായി കാണാം. അബ്രഹാം, മോശെ, അപ്പോസ്തലന്മാർ മുതലായവർ പേർ ചൊല്ലി വിളിക്കപ്പെട്ടവരാണ്. ലോകത്തിൽ അനേക നേതാക്കന്മാർ തങ്ങളുടെ അനുഗാമികളെ വ്യക്തിപരമായി അറിയുന്നില്ല. എന്നാൽ ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നെ എന്നു പ്രവാചകനിൽകൂടെ ദൈവം പറയുന്നു (യെശ. 43:1). എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു. പേരുചൊല്ലി അവയെ വിളിക്കുന്ന ഇടയന് അവയുടെ എല്ലാ വിവരങ്ങളും അറിവുണ്ട്. ശൗൽ ഇന്ന് ആരാണെങ്കിലും നാളെ അവനാരായിരിക്കും എന്നതിനാണ് ദൈവമുമ്പാകെ പ്രസക്തി. ദൈവിക പദ്ധതികൾ തലമുറകളിലേക്ക് വ്യാപരിച്ചു കിടക്കുമ്പോൾ നാളെ പ്രവർത്തിക്കുവാൻ കഴിയുന്ന ഒരു പാത്രത്തിനായി കർത്താവ് കാത്തിരിക്കു ന്നു. മറിയ എന്ന ഒരു സാധു പെൺകുട്ടിക്കായി നാല്പത്തിരണ്ട് തലമുറകൾ ദൈവം കാത്തിരുന്നു. അവളിലാണല്ലോ ദൈവപുത്രനെ വഹിക്കുവാനുള്ള യോഗ്യത പിതാവായ ദൈവം കണ്ടെത്തിയത്. അങ്ങനെയൊരു വ്യക്തി ദൈവത്തിന്റെ പദ്ധതിയിൽ രൂപകല്പന ചെയ്തതാണ്. അബ്രഹാമിനോട് അവന്റെ തലമുറകൾ അടിമകളായിത്തീരും എന്ന് ദൈവം പറഞ്ഞിരുന്നതാണ്. അവരുടെ വിടുതലും അന്നുതന്നെ കണ്ടിരുന്നു. മോശെ എന്ന വ്യക്തി അന്നുതന്നെ ദൈവിക പദ്ധതിയിൽ കടന്നുകൂടിയിട്ടുണ്ടായിരുന്നു. യഥാർത്ഥത്തിൽ അതു സംഭവിക്കുവാൻ കാലങ്ങൾ വളരെ കഴിഞ്ഞുവെന്നുമാത്രം. കർത്താവിന്റെ വേല ചെയ്യുന്നവരെല്ലാം അവന്റെ പദ്ധതിയുടെ ഭാഗമായി അവനോടുകൂടെ ഉണ്ടായിരുന്നു എന്നത് എത്രയോ അത്ഭുതകരമായ വസ്തുതയാണ്. ആയതിനാൽ അവനു നമ്മെ പേർചൊല്ലി വിളിക്കുവാൻ കഴിയും.

ഈശാനമൂലൻ എന്ന കൊടുങ്കാറ്റിൽ അകപ്പെട്ടു കപ്പൽയാത്ര ചെയ്ത അപ്പൊസ്തലനെ ദൈവം, പൗലൊസെ! ഭയപ്പെടരുത്; നീ കൈസരുടെ മുമ്പിൽ നിൽക്കേണ്ടതാകുന്നു എന്നു പറഞ്ഞാണ് ധൈര്യപ്പെടുത്തിയത്. ആത്മിക ജീവിതത്തിൽ നിന്നു പിന്മാറി, നിരാശപ്പെട്ട്, തന്നെ തള്ളിപ്പറഞ്ഞ് ഓടിപ്പോയപ്പോൾ തന്റെ ശിഷ്യനായിരുന്ന പത്രൊസിനെ ഈ നല്ല ദൈവം യോഹന്നാന്റെ മകനായ ശിമോനെ എന്നു വിളിച്ചത്രെ യഥാസ്ഥാനപ്പെടുത്തിയത്. തന്റെ ശുശ്രൂഷക്കാർ നിരാശയുടെയും പ്രതികൂലങ്ങളുടെയും മദ്ധ്യത്തിൽ വീണുപോകാതെ അവരെ നിലനിർത്തുന്നത് ഈ ശബ്ദമാണ്.

ദൈവത്തിന്റെ ശുശ്രൂഷകന്മാർ വിശുദ്ധീകരിക്കപ്പെട്ടവരുമത്രെ. ദൈവം യിരെമ്യാപ്രവാചകനെ വിളിച്ചപ്പോൾ, നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു; നീ ഗർഭത്തിൽനിന്ന് പുറത്തുവരുന്നതിനുമുമ്പേ ഞാൻ നിന്നേ വിശുദ്ധീകരിച്ച് ജാതികൾക്ക് പ്രവാചകനായി നിയമിച്ചിരിക്കുന്നു എന്ന് എഴുതിയിരിക്കുന്നു. ശുശ്രൂഷകന്മാർ വിശുദ്ധിക്കുവേണ്ടി വേർതിരിക്കപ്പെട്ടവരാണ്. പഴയനിയമ പുരോഹിതന്മാരെ തിരഞ്ഞെടുക്കുമ്പോൾ അവരെ വിശുദ്ധീകരിച്ച് വേർതിരിക്കുന്ന ഒരു ശുശ്രൂഷയെപ്പറ്റി പുറപ്പാടു പുസ്തകത്തിൽ വായിക്കുന്നുണ്ട്. പുതിയനിയമത്തിൽ, ശിഷ്യന്മാർക്കു വേണ്ടിയുള്ള പ്രാർത്ഥനയിൽ സത്യത്താൽ അവരെ ശുദ്ധീകരിക്കേണമേ, നിന്റെ വചനം സത്യമാകുന്നു. അതോടു ചേർത്ത് നീ എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ ഞാൻ അവരെയും അയച്ചിരിക്കുന്നു എന്നു പറഞ്ഞിട്ടുണ്ട് (യോഹ. 17:17-18). ദൈവം തന്റെ നിത്യമായ പ്ലാനിൽ തനിക്കു ശുശ്രൂഷ ചെയ്യുന്നവരെ തിരഞ്ഞെടുക്കുന്നു. എന്നാൽ ശുദ്ധീകരണം അവർക്ക് ആവശ്യമത്രെ. വിശുദ്ധി പ്രാപിക്കുന്ന ഒരു വ്യക്തിയിലൂടെ മാത്രമേ വിശുദ്ധനായ ദൈവം പ്രവർത്തിക്കുകയുള്ളു എന്ന് നാം അറിയണം. പഴയനിയമകാലത്തെ ശുദ്ധീകരണ ശുശ്രൂഷകൾ മനുഷ്യരുടെ ഹൃദയ ശുദ്ധീകരണത്തിന് ഉതകുംവിധം പുരോഹിതന്മാർ അവരെ തയ്യാറാക്കിയിരുന്നു. പിന്നീട് അവയെല്ലാം ഒരു കർമപരിപാടിയായി അധഃപതിച്ചു പോവുകയും ദൈവത്തിനവയെല്ലാം വെറുപ്പായിത്തീരുകയും ചെയ്തു. ഹൃദയശുദ്ധിയില്ലാത്ത അവരുടെ ഹനനയാഗങ്ങളും ഹോമയാഗങ്ങളും തനിക്കു വെറുപ്പായിരിക്കുന്നു എന്നു ദൈവം പറയുമ്പോൾ, എന്താണ് ദൈവം ആഗ്രഹിക്കുന്നതെന്ന് വ്യക്തമാണ്. ജീവിതവിശുദ്ധി ദൈവദാസന്മാർക്ക് ഉണ്ടായിരിക്കണം. വെറും ഔദ്യോഗികമായ ഒരു കർത്തവ്യമെന്നു കരുതി ഒരു നേതൃത്വത്തെ സന്തോഷിപ്പിക്കുവാൻ വേണ്ടി, കണക്കു ബോധ്യപ്പെടുത്താൻ വേണ്ടി, വചനത്തെ വ്യാഖ്യാനിച്ചും ന്യായീകരിച്ചും സ്വന്തം താല്പര്യങ്ങളിലേക്ക് ചെന്നെത്തുന്ന ദൈവദാസനാകുവാൻ പാടില്ല. അത് അശുദ്ധിയാണ്. അങ്ങനെയുള്ളവരുടെ ശുശ്രൂഷയ്ക്കു നേരേ ദൈവം കണ്ണടയ്ക്കുന്നതിനാലാണ് അവിടുന്ന് ക്രോധം പകരാത്തത്. മറിച്ച് അതിൽനിന്നും പിൻതിരിയുന്നില്ലെങ്കിൽ അഥവാ വിശുദ്ധിയിലേക്ക് വരണമെന്ന ചിന്ത മനസ്സിന്റെ കോണിലെവിടെയും ഇല്ലെങ്കിൽ ദൈവം തന്റെ വാളിന് മൂർച്ച കൂട്ടും. ദൈവമക്കളെ വിശുദ്ധരാവുക! തിരഞ്ഞെടുക്കപ്പെട്ട അനേകർക്ക് ഒരു ശുശ്രൂഷ ലഭിക്കാത്തതിന്റെ കാരണം അവരുടെ ജീവിതത്തിലുള്ള അശുദ്ധിയത്രെ. ഒരു വിശുദ്ധൻ ദൈവകരങ്ങളിൽ മൂർച്ചയേറിയതും ശക്തിയേറിയതുമായ ഒരു ആയുധമാണ് എന്ന് സി.എച്ച്.സ്പർജൻ പറഞ്ഞിട്ടുണ്ട്.

ദൈവത്തിന്റെ ദാസന്മാർ ദൈവത്തിന്റെ സന്ദേശവാഹകന്മാരത്രെ. പഴയനിയമ പ്രവാചകന്മാർ ദൈവത്തിന്റെ അരുളപ്പാടുകൾ പ്രവചിച്ചു. പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട പുതിയനിയമ ദൈവദാസന്മാർ പാപമോചനത്തിന്റെയും വിടുതലിന്റെയും സന്ദേശം ലോകത്തിന് നൽകി. അവർ പഠിപ്പില്ലാത്തവരും സാമാന്യരുമായ മനുഷ്യർ ആയിരുന്നെങ്കിലും പാപബോധമുളവാക്കുന്ന ദൂത് ദൈവം അവരുടെ നാവിൽ നല്കി. കേട്ടുനിന്ന ജനത്തിന് ഹൃദയത്തിൽ കുത്തുകൊള്ളത്തക്കവിധം, അനുസരിക്കാഞ്ഞാൽ ശാപവും അനുസരിച്ചാൽ അനുഗ്രഹവും എന്ന സന്ദേശം അവർ നല്കി. പരിശുദ്ധാത്മ ശക്തിയാൽ നിറഞ്ഞതും മനുഷ്യമുഖം നോക്കാതെ ധൈര്യത്തോടെ ന്യായവിധിയുടെയും രക്ഷയുടെയും സന്ദേശമറിയിക്കുന്ന ദൈവിക ശുശ്രൂഷകന്മാരെയത്രെ ഇന്നു ലോകത്തിന് ആവശ്യമായിരിക്കുന്നത്. ശക്തിയില്ലാത്തതും കേൾക്കുന്നവരെ അല്പം മാത്രം ഒന്ന് ഇളക്കുന്നതും ആഴമായ പാപബോധത്തിലേക്ക് നയിക്കാത്തതുമായ പ്രസംഗങ്ങളാണ് ക്രിസ്തീയ സഭയുടെ തളർച്ചയുടെ പ്രധാന കാരണം.

ഹൃദയം നുറുങ്ങത്തക്കവിധം വചനഘോഷണം നടത്തണം. ബാല്യത്തിലെ പാപങ്ങൾ വരെ ഓർമിക്കത്തക്കവിധം മുഖം നോക്കാതെ, തീക്കനൽപോലെ പൊള്ളുന്ന വചനങ്ങൾ നാവിൻതുമ്പിൽ നിന്നിറങ്ങണം. പത്രൊസ് മറ്റു ശിഷ്യന്മാരുമായി എഴുന്നേറ്റ് നിന്ന് സ്വന്തജനം ചെയ്തത് എണ്ണിയെണ്ണിപ്പറഞ്ഞപ്പോൾ അവിടെ കൂടിനിന്നവരിൽ മൂവായിരം പേർ ഉടൻ മുറിവേറ്റ ഹൃദയത്തോടെ സ്നാനപ്പെട്ടുവെന്നോർക്കണം. ഇന്നും പറയണം. കർത്താവിനോട് ഓരോരുത്തരും ഇന്നും ചെയ്യുന്ന ക്രൂരത ഉറക്കെപ്പറയണം. എല്ലാവരെയും രസിപ്പിക്കുന്ന ഒരു പ്രസംഗത്തിന് വിശ്വാസികളുടെ ഇടയിൽ സ്ഥാനമില്ല. നുറുക്കുന്ന പ്രസംഗം, നീ കർത്താവിനെ തുപ്പിയല്ലോ മഹാപാപി, അടിച്ചല്ലോ, മുൾമുടിവയ്പ്പിച്ചല്ലോ, ക്രൂശിലെ ആദ്യത്തെ ആണി നീയല്ലെ അടിച്ചത് എന്നു കാര്യകാരണ സഹിതം ബോധ്യപ്പെടുത്തി പ്രസംഗിക്കുമ്പോൾ ഹൃദയം ഇളകും. ആഴമായ പാപബോധം ഉണ്ടാകും.

ക്രിസ്തീയ വേലക്കാർ മറ്റു ഗ്രന്ഥങ്ങളും ലേഖനങ്ങളും വായിക്കുന്നതിൽ ഉത്സുകരാണ്. അതു വളരെ നല്ലതുതന്നെ. എന്നാൽ ഇവയൊന്നും വേദപുസ്തകത്തിന്റെ സ്ഥാനം എടുക്കുവാൻ അനുവദിക്കരുത്. ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു. നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന് ആനന്ദവുമായി എന്നു യിരെമ്യാ പ്രവാചകൻ പറയുന്നു.

വചനഘോഷണത്തിന് ആഴമായ പരിശുദ്ധാത്മബന്ധം ആവശ്യമാണ്. മുൻപ് പ്രസംഗിച്ചു മാറ്റിവച്ച വിഷയമാണെങ്കിൽപോലും വീണ്ടും പ്രസംഗിക്കുവാനെടുക്കുമ്പോൾ ദൈവമുമ്പാകെ ഇരിക്കണം. പരിശുദ്ധാത്മ നിറവിനായി പ്രാർത്ഥിക്കണം. അതേ പ്രസംഗത്തിൽ നിന്നും പുതുമയുള്ള ഒരു ജീവനദി ഒലിച്ചിറങ്ങും. കേൾക്കുവാൻ വന്നിരിക്കുന്നവരുടെ ആവശ്യമറിയുന്ന ദൈവം വചനഘോഷകന്റെ നാവിൻ തുമ്പിൽ അവനുവേണ്ടിയുള്ളത് നല്കണമെങ്കിൽ പ്രസംഗത്തിനുമുമ്പേ പരിശുദ്ധാത്മനിറവിനായി കാത്തിരിക്കണം.

⇨ 7

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽപരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക

# വേദാഭിമാനിയുടെ മറുപടി



## കൂട്ടുകച്ചവടമല്ല ക്രിസ്തീയ ജീവിതം

**ഒരു സമൂഹത്തിനാകെ പ്രയോജനപ്പെടേണ്ട വ്യക്തി ഒറ്റപ്പെട്ട് മാറി നിൽക്കുന്നതെന്തിന്? ഇതര വിശ്വാസികൾ വായിക്കുന്ന-പഠിക്കുന്ന വേദപുസ്തകം തന്നെയല്ലേ താങ്കൾ വായിക്കുന്നത്? ദൈവത്തിൽ നിന്നും മനുഷ്യരിൽ നിന്നും നന്മ ലഭിക്കാത്തതുകൊണ്ടല്ലേ കഷ്ടത അനുഭവിക്കേണ്ടി വരുന്നത്? ഒരു സമൂഹവുമായി ചേർന്നു പോകാൻ കഴിയാത്തത് സ്വാർത്ഥതകൊണ്ടല്ലേ. ഒറ്റയ്ക്കു നിന്ന് എന്തുനേടാനാണ് ശ്രമം? കരങ്ങൾ കോർക്കാതെ കൂട്ടായ്മ, സഹകരണം, സഹായം വരുന്നതെങ്ങനെ? ഈ പറഞ്ഞ വിഷയങ്ങളിൽ യേശു എന്താണ് ആഗ്രഹിക്കുന്നതെന്ന് ചിന്തിച്ചിട്ടുണ്ടോ?**

*-ഏബ്രഹാം ഫിലിപ്പ്, ആക്കനാട്ടുകര, കല്ലുമല, തിരുവനന്തപുരം*

**ഞങ്ങൾക്കു ലഭിച്ച സമാനമായ ചോദ്യങ്ങൾക്കുള്ള പൊതുവായ മറുപടി**

കുറ്റവാളിയെ രക്ഷപെടുത്താനുള്ള പഴുതുകൾ കണ്ടെത്താനായിരിക്കും പലപ്പോഴും ഒരു വക്കീൽ നിയമം പരിശോധിക്കുന്നത്. ഇതുപോലെ ജഡികനായ ആത്മീയ വേഷധാരി വചനം പരിശോധിച്ച് അവന്റെ ജഡത്തെ തൃപ്തിപ്പെടുത്തുന്ന വേദവാക്യങ്ങൾ കണ്ടെത്താനാണ് ശ്രമിക്കുന്നത്. പാപം ചെയ്യേണ്ടവന് പഴയനിയമ കഥാപാത്രങ്ങളെ കൂട്ടുപിടിക്കാം. കള്ളുകുടിയ്ക്കുന്നവന് വേണമെങ്കിൽ യേശുവിനെയും പൗലോസിനെയും ഉദ്ധരിക്കാം. പക്ഷെ സത്യം അന്വേഷിക്കുന്നവന്റെ നിലപാട് വേറെയാണ്. ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടില്ലാത്ത ഉപരിപ്ലവമായ ആത്മീയത അപകടം ചെയ്യും. ജീവിതം എന്താണ്? എത്രത്തോളം എന്നൊക്കെ അനുഭവിച്ചറിഞ്ഞ് ആത്യന്തികലക്ഷ്യം എന്തെന്ന് മനസ്സിലാക്കി വിശ്വാസത്തിലേക്ക് വന്ന ഒരുവനാണു ഞാൻ. വേദപുസ്തകത്തിൽ എത്ര വാക്യങ്ങൾ ഉണ്ടെന്നോ. ശലോമോനു ഏത്ര ഭാര്യമാരുണ്ടെന്നോ, വേദപുസ്തകത്തിലെ നടുവാക്യം ഏതെന്നോ അല്ല ഞാൻ പഠിക്കാൻ ശ്രമിച്ചത്. മരണാനന്തരം ഒരു ജീവിതമുണ്ടോ? യേശു എന്നത് യാഥാർത്ഥ്യമാണോ? തുടങ്ങിയ വിഷയങ്ങൾ വിശദമായി പഠിച്ച് ഉറപ്പുവരുത്തിയതിനുശേഷമാണ് ദൈവചനത്തിലേക്ക് കടന്നത്. ഓരോ വാക്യവും എന്താണർത്ഥമാക്കുന്നത്, അത് എന്താണ് എന്നോട് ആവശ്യപ്പെടുന്നത്. തുടങ്ങിയ കാര്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിച്ചതോടെ പഠിക്കുക, പ്രവർത്തിക്കുക തുടങ്ങിയ കാര്യങ്ങളുടെ പ്രാധാന്യം ഞാൻ മനസ്സിലാക്കി.

പഠിക്കാൻ ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടിയ്ക്ക് പഠിക്കാതെ വേണമെങ്കിൽ മാതാപിതാക്കളെ കബളിപ്പിച്ച് ഉഴപ്പി തോന്നിയതുപോലെ നടക്കാം. ഇവിടെ അവൻ അവന്റെ ഭാവിയാണ് നഷ്ടപ്പെടുത്തുന്നതെന്ന് മറന്നുപോകുന്നു. ഇതുപോലെ ദൈവത്തേയും മനുഷ്യരെയും കബളിപ്പിച്ച് ആത്മീയനായി നടിച്ച് ഒരുവന് മുൻപോട്ടുപോകാം. കബളിപ്പിക്കലെല്ലാം ഇവിടം കൊണ്ട് തീരും. പിന്നെയുള്ളത് നിത്യതയാണ്. അവിടെ പ്രവർത്തിക്കൊത്തതായ വിധിയാണ് ഉണ്ടാകുന്നതെങ്കിൽ അപ്പോഴത്തെ ചിന്ത എന്തായിരിക്കും. ആ തിരിച്ചറിവ് ഇവിടെവെച്ചുണ്ടാകണം.

വിദേശത്ത് ജോലിയ്ക്കു പോകുന്ന ഒരുവൻ കിട്ടുന്നതൊക്കെ ധൂർത്തടിച്ച് നശിപ്പിച്ചിട്ട് അവസാനം നാട്ടിൽ വന്നാലുള്ള സ്ഥിതി എന്താണ്? അതേസമയം അധ്വാനിച്ചുകിട്ടുന്ന പണം സ്വരൂപിച്ച് ബാങ്കിൽ നിക്ഷേപിച്ചാൽ ജോലികഴിഞ്ഞ് മടങ്ങിയെത്തുമ്പോൾ നിരാശയല്ല സന്തോഷമാണ്. കാരണം, തുടർന്ന് ജീവിയ്ക്കാനുള്ള നിക്ഷേപം അവന്റെ ബാങ്കിൽ ഉണ്ട്. ഇതുപോലെ ദൈവത്തേയും മനുഷ്യനേയും കബളിപ്പിച്ച് ഭൂമിയിൽ സുഖിച്ച് മദിച്ച് ജീവിയ്ക്കുന്നവന് എന്തു നിക്ഷേപമാണ് സ്വർഗ്ഗത്തിൽ ഉണ്ടാകുക? സ്വർഗ്ഗത്തിൽ നിക്ഷേപമില്ലാത്തവന് അവിടെ ഭവനമോ വാസസ്ഥലമോ ലഭിക്കുമോ. ഈയൊരു കാഴ്ചപ്പാട് ദൈവം എന്റെ ഉള്ളിൽ തന്നതുകൊണ്ടാണ് ഉഴപ്പിനടക്കുന്നവരുമായുള്ള കൂട്ടുകെട്ട് ഞാൻ അവസാനിപ്പിച്ചത്.

കോളേജിൽ എന്നോടൊപ്പം ഒരേ ബഞ്ചിൽ ഇരുന്ന് പഠിച്ചവർ-ഉറ്റസുഹൃത്തുക്കൾ ഇന്ന് അറിയപ്പെടുന്ന കാർഡിയോളജിസ്റ്റും, ന്യൂറോസർജനും, ഡി.ഐ.ജി.യും ഒക്കെയാണ്. അവർ പഠനത്തിൽ ശ്രദ്ധവച്ച് മുന്നോട്ടുപോയപ്പോൾ ഞാൻ പാട്ടും ഡാൻസുമായി നടന്നു. അന്ന് എല്ലാവരും എന്നെ പുകഴ്ത്തി. ആവശ്യംപോലെ സുഹൃത്തുക്കളും പണവുമായി ഞെളിഞ്ഞു നടന്നു. എന്നാൽ ഇന്നോ? ഭാവി നിർണ്ണയിക്കപ്പെട്ടതോടെ എല്ലാം തകിടം മറിഞ്ഞു. പഠിച്ചവർ, അധ്വാനിച്ചവർ ഉന്നതിയിൽ എത്തി. നാണിച്ച് ലജ്ജിതനായി തലതാഴ്ത്താനുള്ള ഒരവസരം ഭൂമിയിൽ ഉണ്ടായി. അത് സ്വർഗ്ഗത്തിൽ ആവർത്തിക്കരുത് എന്ന ഉറച്ച തീരുമാനത്തിലാണ് ഞാൻ മുൻപോട്ടു പോകുന്നത്.

മഴ നനഞ്ഞും വെയിലുകൊണ്ടും യാത്രചെയ്യുമ്പോൾ ഒരു കാറുണ്ടായിരുന്നെങ്കിൽ എന്നും വീട് ചോർന്നൊലിക്കുമ്പോൾ നല്ലൊരു വീട് ഉണ്ടായിരുന്നെങ്കിൽ എന്നും ഞാൻ ആഗ്രഹിച്ചുപോയിട്ടുണ്ട്. എന്റെ പ്രവർത്തനമണ്ഡലത്തിൽ അല്പം ചില തിരിമറികൾ, കച്ചവടമനസ്ഥിതിയോടെയുള്ള സമീപനം നടത്തിയിരുന്നെങ്കിൽ എത്രയോ വർഷങ്ങൾക്കുമുമ്പേ എന്റെ എല്ലാ ബുദ്ധിമുട്ടുകളും മാറുമായിരുന്നു. ആഗ്രഹിച്ചത് എനിക്ക് കരഗതമാകുമായിരുന്നു. എന്നാൽ ആവർത്തിച്ചുറപ്പിച്ച വിശ്വാസ പ്രമാണങ്ങളിൽ നിന്ന് കാര്യസാധ്യത്തിനുവേണ്ടി വ്യതിചലിക്കുവാൻ എന്റെ ജീവിതത്തെ ഞാൻ ഒരിക്കലും വിട്ടുകൊടുത്തിട്ടില്ല. ഇന്നും അല്പം ചായ്‌വ് പ്രകടിപ്പിച്ചാൽ സഹായിക്കാൻ സമുദായസ്ഥർ മുതൽ പെന്തെക്കോസ്തു നേതാക്കന്മാർ വരെ തയ്യാറാകും. എന്നാൽ വിശ്വാസം ബലി കഴിക്കാനോ, പ്രാപിച്ചതിനെ തള്ളിക്കളയാനോ ഞാൻ തയ്യാറല്ല. ഇവിടുത്തെ നേട്ടങ്ങൾ നിത്യതയിലെ നഷ്ടമാണെന്ന തിരിച്ചറിവ് തന്ന ദൈവത്തിന് സ്തോത്രം.

വിശ്വാസജീവിതം ആരംഭിച്ച ശേഷം ജഡികോല്ലാസങ്ങളിൽ നിന്ന് ഒഴിഞ്ഞാണ് ഞാൻ ജീവിക്കുന്നത്. ഒരു വിനോദയാത്രയോ ജന്മദിനാഘോഷമോ മറ്റെന്തെങ്കിലും ഉല്ലാസങ്ങളോ എന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല.

21 വർഷത്തെ എന്റെ ശുശ്രൂഷയിൽ രക്ഷയുടെ അനുഭവത്തിലേക്ക് വന്നവർ നിരവധിയാണ്. പലരും ഉന്നതമായ നിലയിൽ ജീവിയ്ക്കുന്നവർ. പക്ഷെ ഇന്നുവരെ ഒരാവശ്യവുമായി ഞാൻ ആരെയും സമീപിച്ചിട്ടില്ല. ആരോടും എന്റെ കഷ്ടത പറഞ്ഞിട്ടില്ല, പറയുകയുമില്ല. എന്റെ സഹായകൻ ദൈവമാണ് അവിടെനിന്നു മാത്രമേ ഞാൻ എന്തെങ്കിലും പ്രതീക്ഷിക്കുന്നുള്ളൂ. ദൈവവേലയുടെ പണംകൊണ്ട് എന്റെ ജഡത്തെ ഞാൻ തൃപ്തിപ്പെടുത്തിയിട്ടില്ല. സ്വന്ത കയ്യാൽ ഇന്നും അധ്വാനിക്കുന്നു. എഡിറ്റിംഗ്, ഡിസൈൻ, ശബ്ദലേഖനം മുതൽ പായ്ക്കിംഗ് വരെ ചെയ്തു കൊടുക്കുന്നു. കിട്ടുന്നതിൽ ഒരു ഓഹരി സാധുക്കളായ സുവിശേഷകർക്ക് നൽകാൻ ശ്രമിക്കുന്നു. പലരുടെയും ഭവനസഹായങ്ങൾക്കുള്ള ക്രമീകരണം ചെയ്യുമ്പോഴും എന്റെ വീട് ചിതലരിച്ചുകിടക്കുകയാണ്. എനിക്കതിൽ വിഷമവുമില്ല. എന്റെ ഒരു ബോധ്യം ഇതാണ്. പരമോന്നത കോടതിയിലേക്കുള്ള യാത്രയിലാണു ഞാൻ. ഈ യാത്രയെ അടിസ്ഥാനമാക്കിയാണ് ഭാവി നിർണ്ണയിക്കുന്നത്. നീതിയോടെ വിധിയ്ക്കുന്ന ന്യായാധിപനെ ഞാൻ ഭയപ്പെടുന്നു. അതിലപ്പുറം സ്നേഹിക്കുന്നു. കാരണം, കുപ്പത്തൊട്ടിയിൽ നാറ്റംവച്ച അവസ്ഥയിൽ കിടന്ന എന്നെ കുളിപ്പിച്ചു വൃത്തിയാക്കി അനുദിനം കൈപിടിച്ചു നടത്തുന്നത് ഈ ന്യായാധിപനാണ്. അവൻ എന്റെ കർത്താവാണ്. അവിടുത്തെ തിരുമുമ്പിൽ ഞാൻ എത്ര വിശ്വസ്തത, സ്നേഹം കാണിച്ചാൽ മതിയാകും. എന്റെ ഒരു ചെറിയ അവിശ്വസ്തത പോലും അവിടുന്ന് പൊറുക്കുമോ. അതുകൊണ്ട് സഹോദരങ്ങളെ, ഭയത്തോടും വിറയലോടുംകൂടെയാണ് ഞാൻ തിരുമുമ്പിൽ സേവ ചെയ്യുന്നത്.

ദൈവത്തിനായി ജീവിച്ചിട്ട് ദൈവമുമ്പാകെ നിൽക്കുന്നതും-ചെയ്യേണ്ടതിനെ ചെയ്യാതെയും ചെയ്യരുതാത്തതിനെ ചെയ്തുമിരിക്കുന്ന പാപം പ്രവർത്തിച്ചിട്ട് ദൈവസന്നിധിയിൽ നിൽക്കുന്നതും തമ്മിലുള്ള അന്തരം ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ മനസിലാക്കി ജീവിതത്തെ ക്രമപ്പെടുത്തേണ്ടതാവശ്യമാണ്.

പതിനായിരം കുട്ടികൾ പഠിക്കുന്ന സ്കൂളിലാണെങ്കിലും ഓരോ വിദ്യാർത്ഥിയും ഒറ്റയ്ക്കു നിന്ന് ലക്ഷ്യബോധത്തോടെ കഠിനാധ്വാനം ചെയ്താലേ ഉന്നത വിജയം നേടാനാകൂ. കൂട്ടുചേർന്ന് നേടാവുന്നതല്ല ജീവിതവിജയം. ഒരു സമൂഹത്തിന് നിങ്ങളെ നിത്യതയിൽ എത്തിക്കാനോ അവിടേക്ക് കൂട്ടുവരാനോ നിങ്ങൾക്കുവേണ്ടി വാദിക്കാനോ കഴിയുന്നതല്ല. നിത്യതയിൽ, ന്യായാസനത്തിനുമുമ്പിൽ നിങ്ങൾ ഒറ്റയ്ക്കാണ്.

സ്വർഗ്ഗത്തിലേക്ക് കരേറുവാൻ നമുക്ക് ലഭിച്ചിരിക്കുന്ന ഗോവേണിയാണ് ദൈവവചനം. ജഡത്തിന്റെ ആസക്തിയേയും ആർത്തിയേയും മരിപ്പിച്ച് ശരീരത്തിന് വേണ്ടരീതിയിൽ പരിശീലനം നൽകി ഭാരം കുറച്ചാലേ ഉയരത്തിലേക്ക് പോകാനാകൂ. ഇതൊരു സാമാന്യ തത്വം. ഉയരത്തിലുള്ളത് ചിന്തിച്ച് അത് ലക്ഷ്യംവച്ച് മുന്നേറിയാലേ അങ്ങ് എത്തുകയുള്ളൂ. ഭൂമിയിലേക്ക് നോക്കി ആർത്തിയോടെ അതിനുനേരെ കൈനീട്ടിയാൽ പിടിവിട്ട് താഴേക്കു പോരും. വീഴ്ച ആരും കാണുകയുമില്ല. പൊടിതട്ടി സുഖമായി തെക്കുവടക്കു നടക്കാം.

ഇതുപോലെ കൈവിടപ്പെട്ട കൂട്ടുകാരെയും ഇഷ്ടംപോലെ കിട്ടും. സമൃദ്ധിയുടെ അനുഭവത്തിൽ ജീവിതാവസാനം വരെ മുന്നോട്ടുപോകാം. അതോടെ എല്ലാം തീർന്നു എന്ന് അറിഞ്ഞുകൊള്ളണം. സഹോദരങ്ങളെ, സമൂഹത്തെ കണ്ണുമടച്ച് വിശ്വസിക്കരുതേ. അതു വെറും വഞ്ചനയാണ്. ഇരിക്കുന്ന കൊമ്പ് ഒടിഞ്ഞാൽ അവർ പറന്നകലും. നിങ്ങൾ ഒറ്റയ്ക്കാകും. യേശുവിൽ ആശ്രയിക്കൂ. യേശുവിൽ വിശ്വസിക്കൂ യേശുവിനായി ജീവിക്കൂ.

⇒ 7



# ആസ്ക്ക് സീക്ക് നോക്ക്

പ്രാർത്ഥിപ്പാൻ തന്റെ ശിഷ്യന്മാരെ പ്രോൽസാഹിപ്പിക്കേണ്ടതിന്, യേശു അല്പം ഹാസ്യരസമുള്ള ഒരു ഉപമ പറഞ്ഞു:

പിന്നെ അവൻ അവരോട് പറഞ്ഞത്, നിങ്ങളിൽ ആർക്കെങ്കിലും ഒരു സ്നേഹിതൻ ഉണ്ട് എന്നിരിക്കട്ടെ; അവൻ അർദ്ധരാത്രിക്ക് അവന്റെ അടുക്കൽ ചെന്ന്, "സ്നേഹിതാ, എനിക്ക് മൂന്നപ്പം വായ്പ തരേണം, എന്റെ ഒരു സ്നേഹിതൻ വഴിയാത്രയിൽ എന്റെ അടുക്കൽ വന്നു. അവന്നു വിളമ്പിക്കൊടുപ്പാൻ ഏതും എന്റെ പക്കൽ ഇല്ല" എന്നു അവനോട് പറഞ്ഞാൽ, "എന്നെ പ്രയാസപ്പെടുത്തരുത്, കതക് അടച്ചിരിക്കുന്നു, പൈതങ്ങളും എന്നോടുകൂടെ കിടക്കുന്നു; എഴുന്നേറ്റു തരുവാൻ എനിക്ക് കഴികയില്ല" എന്ന് അകത്തുനിന്നും ഉത്തരം പറഞ്ഞാലും, അവൻ സ്നേഹിതനാകകൊണ്ട് എഴുന്നേറ്റ് കൊടുക്കയില്ലെങ്കിലും, അവൻ ലജ്ജ കൂടാതെ മുട്ടിക്ക നിമിത്തം എഴുന്നേറ്റു അവന്നു വേണ്ടുന്നേടത്തോളം കൊടുക്കും എന്നു ഞാൻ നിങ്ങളോട് പറയുന്നു.

അക്കാലത്ത് അതിഥിസൽക്കാരം, ഒരു സാമൂഹ്യ കൃത്യനിഷ്ഠ ആയിരുന്നില്ല, അത് ഒരു പ്രായോഗിക ആവശ്യവും ധാർമ്മിക കടമയും ആയിരുന്നു. സത്രങ്ങൾ വിരളവും. ഉള്ളവ തന്നെ വളരെ ദൂരത്തിലുമായിരുന്നു. ഒരു സ്നേഹിതനോ-അപരിചിതനോ താമസിക്കുവാൻ സ്ഥലമില്ലാതെ വന്നാൽ-അയാളുടെ ആഹാരവും താമസവും ആതിഥേയൻ (കരുണയോടെ) നോക്കണം. ഈ ഉപമയിൽ ഒരു സ്നേഹിതനാണ് അർദ്ധരാത്രിയിൽ വരുന്നത്. പല വീടുകളിലും ഒറ്റമുറിയാണുണ്ടായിരുന്നത്. രാത്രിയിൽ, തറയിൽ പായ് വിരിച്ചാണ് കിടന്നുറങ്ങിയിരുന്നത്. ദമ്പതികൾക്ക് ഒന്നിൽകൂടുതൽ കുട്ടികളുണ്ടെങ്കിൽ തറ ആളുകളെക്കൊണ്ടു നിറഞ്ഞിരിക്കും. രാത്രിയിൽ അതിനിടയിൽ നിന്നെഴുന്നേറ്റു പോകുന്നത് ഊഹിക്കുക, മൂന്നു അപ്പമെടുക്കുവാൻ ആളുകളെ ചവുട്ടിമെതിച്ചുകൊണ്ടുവേണം പോകുവാൻ! ഫലത്തിൽ ആ മനുഷ്യൻ "പോക" എന്നു പറഞ്ഞതിന്റെ കാരണം നിങ്ങൾക്ക് മനസിലാകുമല്ലൊ!

എങ്ങനെയായാലും, ചോദിക്കുന്ന ആൾ "ഇല്ല" എന്ന ഉത്തരം സ്വീകരിച്ചില്ല. യേശു പറഞ്ഞു, "അവൻ സ്നേഹിതനാകകൊണ്ട്, എഴുന്നേറ്റ് അവനു കൊടുക്കയില്ലെങ്കിലും, ലജ്ജകൂടാതെ മുട്ടിക്ക നിമിത്തം എഴുന്നേറ്റ് അവനു വേണ്ടുന്നേടത്തോളം കൊടുക്കും എന്നു ഞാൻ നിങ്ങളോട് പറയുന്നു". നടന്ന ആശയവിനിമയം ഊഹിക്കുവാൻ നമുക്ക് പ്രയാസമില്ല.

എൻഏഎസ്ബിയിൽ "പെർസിസ്റ്റൻസ്" എന്നാണ് തർജിമ ചെയ്തിരിക്കുന്നത് (കെജെവിയിലും മറ്റു തർജിമകളിലും "ഇംപോർച്ചൂണിറ്റി") ഗ്രീക്കിൽ നിന്നു വരുന്ന വാക്കിന്റെ അക്ഷരിക അർത്ഥം "ലജ്ജ' എന്നാണ്. തന്റെ അതിഥിക്ക് വേണ്ടതു കൊടുത്തില്ലെങ്കിൽ ആതിഥേയനു ലജ്ജ ഉണ്ടായേക്കാം. തീർച്ചയായും, അവന്റെ മടുപ്പില്ലായ്മയിൽ അവന് "ലജ്ജയില്ലായിരുന്നു." അയാൾ അങ്ങനെ തുടർന്നു മുട്ടിക്കൊണ്ടിരുന്നാൽ, അയൽക്കാരും ഉണരും. അവരെല്ലാവരും വിളക്കുകളും കത്തിക്കും. പട്ടികളും കുരയ്ക്കുവാൻ തുടങ്ങും. ഒന്നടങ്ങുവാൻ പറയുന്ന ശബ്ദവും കേൾക്കാം. അവന്റെ മുഖം ചുവന്നു തുടുത്തേക്കാം. എങ്കിലും, അപ്പം കിട്ടുന്നതുവരെ മുട്ടിക്കൊണ്ടിരുന്നു.

നാം മുട്ടിപ്പായി യാചിച്ചാൽ മടികൂടാതെ നൽകുന്നവനാണ് ദൈവം എന്നു നമ്മെ പഠിപ്പിക്കുകയാണോ ആ ഉപമയുടെ ലക്ഷ്യം? തീർച്ചയായും അല്ല. നമ്മുടെ അപേക്ഷകളിൽ നാം ഗൗരവമുള്ളവരാണോ എന്ന് ദൈവം അറിയുവാൻ ആഗ്രഹിക്കുന്നു. പകുതി മനസുള്ളവരുടെ പ്രാർത്ഥനക്ക് അവൻ പ്രതികരിക്കുകയില്ല. എളുപ്പത്തിൽ പറയുന്ന പല പ്രാർത്ഥനകളും വേഗം മറന്നുപോകും. നമ്മുടെ പ്രാർത്ഥന ദൈവത്തെ സ്വാധീനിക്കുന്നതിനുമുമ്പ് അതു ആദ്യം നമ്മെ ബാധിക്കണം. അവ നമ്മുടെ ഹൃദയങ്ങളിൽ നിന്നു വരേണം! കാര്യസാദ്ധ്യത്തിനായോ ഭൗതിക നന്മകൾക്കായുള്ള നിലവിളിയോ അല്ല ഇവിടെ അർത്ഥമാക്കുന്നത്. യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ നൽകുന്നതിനെക്കുറിച്ചാണ് യേശു പറഞ്ഞിരിക്കുന്നത്. ആത്മീയ ആഹാരത്തിനായുള്ള വാഞ്ച. ഇത് രാത്രിയാണ്, മറ്റെങ്ങുനിന്നും ലഭ്യമല്ല. ആഹാരം അങ്ങയുടെ പക്കൽനിന്നു മാത്രം. എനിക്ക് ഇത് കിട്ടിയേ പറ്റൂ. ആവശ്യബോധത്തോടെയുള്ള നിരന്തരമായ യാചന. അന്വേഷിക്കുക-കണ്ടെത്തുക-മുട്ടുക. ലഭിക്കുന്നതുവരെയും യാചിക്കുക. യാചിപ്പിൻ (ആസ്ക്) എന്നാൽ നിങ്ങൾക്കു കിട്ടും. അന്വേഷിപ്പിൻ (സിക്ക്) എന്നാൽ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ (നോക്ക്) എന്നാൽ നിങ്ങൾക്ക് തുറക്കും (ലൂക്കോ. 11:9,10).



# ദൈവിക ശുശ്രൂഷക്കാർ

5-ാം പേജ് തുടർച്ച

ദൈവത്തിന്റെ ശുശ്രൂഷകർ ആത്മാക്കളെ നേടുന്നവരാണ്. അയ്യോ എന്റെ ജനത്തിന്റെ പുത്രിയുടെ നിഹതന്മാർ നിമിത്തം രാവും പകലും കരയേണ്ടതിന് എന്റെ തല വെള്ളവും എന്റെ കണ്ണു കണ്ണുനീരുമായിരുന്നെങ്കിൽ കൊള്ളായിരുന്നു എന്നു യിരെമ്യാ പ്രവാചകൻ ആഗ്രഹിച്ചു. ആത്മാക്കൾക്കുവേണ്ടി ഭാരത്തോടെ കരയുകയും പ്രാർത്ഥിക്കുകയും ചെയ്ത വ്യക്തികളെ ദൈവം ശുശ്രൂഷ ഏല്പിച്ചു. കണ്ണുനീരോടുകൂടെ പ്രാർത്ഥിച്ച നെഹെമ്യാവിനെയാണ് ദൈവം യെരുശലേമിന്റെ ഉദ്ധാരണത്തിന്റെ ശുശ്രൂഷ ഏല്പിച്ചത്. ആർക്ക് ഭാരമുണ്ടോ അവനെത്തന്നെ ദൈവം നിയോഗിക്കും. കാരണം ആത്മഭാരമില്ലാത്തവനെ ജോലിക്ക് കൊള്ളുകയില്ല.

നമുക്ക് വിങ്ങുന്ന ഹൃദയമുണ്ടാകുന്നത് എപ്പോഴാണ്? നമ്മുടെയുള്ളിൽ സുവ്യക്തമായ ഒരു ദൃശ്യം നമ്മെ കുലുക്കിയുണർത്തുമ്പോഴാണ്. ചൈനയെപ്പറ്റിയും ഇന്ത്യയെപ്പറ്റിയും ആഫ്രിക്കയെപ്പറ്റിയും വിങ്ങിയ ഹൃദയങ്ങൾക്ക് അവിടെയുള്ള തകർന്നടിയുന്ന ആത്മാക്കളെ മുഴുവൻ ഒറ്റയൊരു ചിത്രത്തിലെന്നപോലെ കാണാൻ കഴിയുന്ന ഒരു മനസ്സുണ്ടായിരുന്നു. ആ ദൃശ്യം അവരെ നുറുക്കിക്കൊണ്ടിരുന്നു. ഒരു ദേശത്തിന്റെ ആവശ്യം അറിയുന്നവനാണ് അവിടെപ്പോയി അത് പരിഹരിക്കുവാൻ യോഗ്യൻ. ദൈവം അങ്ങനെയുള്ളവരെ കണ്ടെത്തും.

1986ൽ സുവിശേഷകർക്കുവേണ്ടി നടന്ന മഹാസമ്മേളനത്തിൽ ഒരു ദൈവദാസി സുവിശേഷകനുവേണ്ടിയ യോഗ്യതകളെപ്പറ്റി ഇപ്രകാരം പറഞ്ഞു: 1) തകർന്ന മനസ്സ്, 2) നിറഞ്ഞ കണ്ണുകൾ, 3) മടങ്ങിയ മുഴങ്കാൽ. ശക്തിയോടെ ദൈവത്തിന്റെ വേലക്കാരായി നിൽപ്പാൻ ആഗ്രഹിക്കുന്നവർക്ക് ഇവ മൂന്നും ആവശ്യമത്രെ. തകർന്ന മനസ്സ് ജീവിത വിശുദ്ധിയിലേക്കു നയിക്കുന്നു. നിറഞ്ഞ കണ്ണുകൾ ആത്മാക്കൾക്കു വേണ്ടിയുള്ള ഭാരം വെളിപ്പെടുത്തുന്നു. മടങ്ങിയ മുഴങ്കാൽ ദൈവിക ശക്തിയ്ക്കായുള്ള കാത്തിരിപ്പിനെ കാണിക്കുന്നു. ദൈവം നമ്മെ ഒരു ശുശ്രൂഷയ്ക്കുവേണ്ടി തിരഞ്ഞെടുത്തിരിക്കുന്നുവെങ്കിൽ വിശുദ്ധ ജീവിതത്തിനുള്ള ആവേശവും ദൈവവചനത്തോടുള്ള സ്നേഹവും ആത്മാക്കളെപ്പറ്റിയുള്ള ഭാരവും നമ്മിൽ ഉണ്ടാകുവാൻ പ്രാർത്ഥിക്കേണ്ടതാണ്.

# വേദാഭിമാനിയുടെ മറുപടി

6-ാം പേജ് തുടർച്ച

ഒരു തൊഴിലാളി തന്റെ കൈകൾ ഉപയോഗിക്കുന്നു. ഒരു ശില്പി തന്റെ തലയും കൈകളും ഉപയോഗിക്കുന്നു. ഒരു കലാകാരൻ തലയും കൈകളും ഹൃദയവും ഉപയോഗിക്കുന്നു. ഒരു ക്രിസ്ത്യാനി തന്റെ കൈകളും തലയും ഹൃദയവും എന്നല്ല ജീവിതം മുഴുവനായി ദൈവത്തിനായി ഉപയോഗിക്കേണ്ടിയിരിക്കുന്നു. തന്നെതന്നെ മുഴുവനായി സമർപ്പിക്കുന്നതിന്റെ ചിത്രമാണ് മർക്കോസ് 12:30 നൽകുന്നത്.

ദൈവത്തെ പൂർണ്ണമായും സ്നേഹിക്കുക എന്നാൽ ദൈവത്തിൽനിന്ന് എന്തെങ്കിലും മേടിക്കുക എന്നല്ല നമ്മെ തന്നെ പൂർണ്ണമായി സമർപ്പിക്കുക എന്നതാണ്. പണവും സമയവും താലന്തും മനസും തലയും കൈയ്യും ഹൃദയവും ശരീരവും ആത്മാവും ജീവനും ഇവയെല്ലാം കർത്താവിനായി സമർപ്പിച്ച് കർത്താവിനെ കൂട്ടുപിടിച്ച് കർത്താവിനോടൊത്ത് നടക്കുന്നതിനെക്കുറിച്ച് ഒന്ന് ചിന്തിച്ചു നോക്കൂ.

ഇത് ഭാരമുള്ള അനുസരണമല്ല. തന്നെതന്നെ ദൈവമുമ്പാകെ ഒഴിച്ചുനിർത്തുകയാണ്. തനിയ്ക്കായി പിന്നിലൊന്നും മറച്ചു പിടിയ്ക്കുന്നില്ല. താൻ എന്തെല്ലാമാണോ അതെല്ലാം ദൈവത്തിനു സമർപ്പിക്കുകയും തന്നെ നിർമ്മിച്ചാക്കിയ ദൈവത്തിൽ എപ്പോഴും പ്രത്യാശ വയ്ക്കുകയും ചെയ്യുന്ന അനുഭവത്തിലേക്ക് പ്രവേശിക്കുവാൻ ഉത്സാഹിപ്പിൻ. അതാണ് യേശു ആഗ്രഹിക്കുന്നത്. ഭൂതകാലത്ത് ജീവിച്ചതുപോലെ ചിന്തിക്കുന്നത് അഭികാമ്യമല്ല. പുറകിലേക്ക് തിരിച്ചു വച്ചിരിക്കുന്ന കണ്ണാടിയിൽ നോക്കിയിരിക്കാതെ ദൈവവചനത്തിലൂടെ ഭാവിയിലേക്ക് നോട്ടമിടു. അങ്ങനെ നിങ്ങളുടെ ചേതന നിത്യതയുമായി ബന്ധം സ്ഥാപിക്കട്ടെ. ലക്ഷ്യം സമൂഹം സൃഷ്ടിച്ച കൂടാരത്തിനുമപ്പുറമാണെന്നോർക്കണം സമൂഹം നൽകുന്ന സുരക്ഷിത താവളത്തിൽ സ്വാസ്ഥ്യവും നുണഞ്ഞ് ജീവിച്ചാൽ ഒരിക്കലും നിങ്ങൾ ലക്ഷ്യത്തിൽ എത്തിച്ചേരുകയില്ല. ഇരിക്കുന്ന കൊമ്പ് ഒടിയും എന്ന ബോധ്യത്തോടെ ജീവിച്ചാൽ കമ്പ് ഒടിയുമ്പോൾ ഭയവും ഞെട്ടലും കൂടാതെ നിത്യതയിലേക്ക് പറന്നുയരുവാൻ കഴിയും. ജഡസ്വഭാവമുള്ളവർ ജഡത്തിനുള്ളതും ആത്മസ്വഭാവമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കുന്നു. ജഡത്തിന്റെ ചിന്ത മരണം. ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നെ. ജഡത്തിന്റെ ചിന്ത ദൈവത്തോടു ശത്രുത്വമാകുന്നു. ജഡസ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിവില്ല. നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിയ്ക്കുന്നുവെങ്കിൽ മരിക്കും നിശ്ചയം. ആത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുന്നുവെങ്കിലോ, നിങ്ങൾ ജീവിയ്ക്കും.... നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ലായെന്നു ഞാൻ എണ്ണുന്നു (റോമ. 8:5-20).

This is The Word of God
I Believe It!

# VEDABHIMANI

Annual Subscription Rs. 100/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2009-11

2011 NOVEMBER



# തത്ത്വശാസ്ത്രം + ദൈവശാസ്ത്രം

ഒരിക്കൽ കൈപ്പത്തിക്കുള്ളിൽ ഒളിപ്പിച്ച ഒരു കിളിക്കുഞ്ഞുമായി കുറെ കുസൃതിക്കുട്ടികൾ പ്രശസ്ത ചിന്തകനായ കൺഫ്യൂഷ്യസ്സിന്റെ അടുത്തെത്തി.

“ഞങ്ങളുടെ കൈക്കുള്ളിൽ ഒരു കിളിക്കുഞ്ഞുണ്ട്. അതിന് ജീവനുണ്ടോ ഇല്ലയോ? പെട്ടെന്ന് മറുപടി പറയണം” കുട്ടികൾ പറഞ്ഞു.

“അതിന്റെ ജീവൻ നിങ്ങളുടെ കൈകളിലാണ്!” കൺഫ്യൂഷ്യസ് ശാന്തനായി മറുപടി പറഞ്ഞു.

ജീവനുണ്ടെന്നു പറഞ്ഞാൽ കൈപ്പത്തികളമർത്തി അതിനെ കൊല്ലണമെന്നും ഇല്ലെന്നു പറഞ്ഞാൽ അതിനെ പറത്തിവിടണമെന്നും കരുതിക്കൊണ്ടാണ് ആ കുസൃതികൾ കൺഫ്യൂഷ്യസ്സിനെ സമീപിച്ചത്! അദ്ദേഹത്തിന്റെ ഉചിതമായ മറുപടി അവരുടെ കണ്ണ് തുറപ്പിച്ചു.



ജീവനും മരണവും മനുഷ്യന്റെ കൈക്കുള്ളിലാണ്. ജീവൻ നമ്മൾ തന്നെ കാത്തുരക്ഷിക്കണമെന്ന സന്ദേശമായിരുന്നു കൺഫ്യൂഷ്യസിന്റെ വാക്കുകളിൽ പ്രകടമായത്.

ദൈവഹിതവും മനുഷ്യഹിതവും തമ്മിലുള്ള സമന്വയം സാദ്ധ്യമാകുമ്പോൾ മാത്രമാണ് ജീവൻ ആരോഗ്യകരമായ അവസ്ഥയിലേക്ക് പ്രവേശിക്കുന്നത്. യേശുവിനെ ജീവന്റെ നാഥൻ എന്നു വിളിക്കുന്നു (അ.പ്ര. 3:15.). സുവിശേഷം ജീവന്റെ വചനം (അ.പ്ര. 5:20). ജീവിക്കുന്നത് ക്രിസ്തുവാണ്. ക്രിസ്തുവിന്റെ ജീവിതത്തിൽ ഭാഗഭാക്കാകുന്നവൻ ഈ ലോകത്തിൽ ജീവിക്കുമ്പോൾ തന്നെ പാപത്തെ ജയിച്ചവനാണ്. പാപത്തിന്റെ ശമ്പളമായ മരണം അവന് അന്യമായിക്കഴിഞ്ഞു.

യോഹന്നാൻ പറയുന്നത് (1:4) ആദിയിൽ ഉണ്ടായിരുന്ന വചനത്തിൽ (Preexistinglogos)മനുഷ്യരുടെ വെളിച്ചമായ ജീവൻ ഉണ്ടായിരുന്നു എന്നാണ്. ജഡമായിത്തീർന്ന വചനത്തിൽ നിന്ന് വെളിച്ചം ലഭിക്കുന്നവർ ജീവൻ പ്രാപിക്കുന്നു; വഴിയും സത്യവും ജീവനും ആയവനിലൂടെ പിതാവിനെ അറിയുന്നു. വചനം ജഡമായപ്പോൾ അപ്പോസ്തോലന്മാർ കണ്ടു, കൈകൊണ്ട് സ്പർശിച്ചു; ആ ജീവന്റെ വചനം ആണ് അവർ പ്രസംഗിക്കുന്നത്. 1 യോഹ. 1:1,2. നിത്യജീവന്റെ വചനങ്ങൾ കൈവശം ഉള്ളവനിൽ (യോഹ. 6:68) വിശ്വസിക്കുകയും (3:15,36; 20:31), കൽപ്പനകൾ പ്രമാണിക്കുകയും (12:50), ഈ ലോക ജീവിതത്തെ സ്നേഹിക്കാതിരിക്കുകയും (12:25), സഹോദരങ്ങളെ സ്നേഹിക്കുകയും (1 യോഹ. 3:14) ചെയ്യുമ്പോൾ നാം മരണത്തിൽ നിന്ന് ജീവനിലേക്ക് കടക്കുന്നു (യോഹ. 5:24).

യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ നിത്യജീവൻ-അനശ്വരജീവൻ-ഒരു ചരിത്രതലസത്യം ആയി. അതായത് പ്രവചനങ്ങളല്ല പൂർത്തീകരിക്കപ്പെട്ട യാഥാർത്ഥ്യമാണ് പുനരുത്ഥാനത്തെയും അതുവഴി നിത്യജീവനെയും കുറിച്ച് പ്രത്യാശ നൽകുന്നത്. ദൈവത്തിന്റെ സർഗസത്ത (Creative word)ആണ് ഈ പ്രത്യാശ സാക്ഷാത്കരിക്കുന്നത്. അത് നഷ്ടപ്പെടുത്തുവാൻ മനുഷ്യനു കഴിയും. ക്രിസ്തുവുമായുള്ള സജീവ ബന്ധത്തിലൂടെ പ്രാപിക്കുവാനും മനുഷ്യനു കഴിയും. വിശ്വാസത്താലും പ്രത്യാശയാലും കൈവരുന്ന നിത്യജീവൻ ക്രിസ്ത്യാനി മുറുകെ പിടിക്കണം. അതാണ് യാഥാർത്ഥ ജീവൻ. **-വേദാഭിമാനി**



## ഡയ്ലോഗ്
ടൈറ്റസ് കാർത്തികപ്പള്ളി

ധർമ്മം പ്രസംഗിക്കുന്നവർ അധഃർമ്മത്തിന് അടിപ്പെടുകയില്ല. സഭാ നേതാക്കന്മാർ വിശുദ്ധന്മാരാണ്. അവരെ കുറ്റം പറയരുത്.
*ജോൺസൺ പെരുമറ്റത്ത്, കണ്ടച്ചിറ, കൊട്ടിയം*

☹ **വിശ്വാസം അതല്ലേ എല്ലാം. അതു മുതലെടുത്താണ് അവർ അധർമ്മം ചെയ്യുന്നത്.**

☺ നിത്യജീവൻ ഉറപ്പിക്കാനാണോ യുവാക്കൾ സെമിനാരികളിലേക്ക് ഇടിച്ചുകയറുന്നത്.
*ഡേവിഡ് ജേക്കബ്, കാക്കനാട്, കൊച്ചി.*

☹ **ജീവൻ ഉറപ്പിക്കാൻ കാശുറപ്പ് വേണമെന്ന തിരിച്ചറിവാണ് തിരക്കിനു കാരണം.**

☺ വിശ്വാസ ജീവിതത്തിൽ എന്തുകൊണ്ട് ഇത്രയേറെ തട്ടിപ്പുകൾ.
*ബിജുമോൻ, പനവേലി, കൊട്ടാരക്കര*

☹ **ആത്മീയത വെറുമൊരു സങ്കല്പവും തട്ടിപ്പുകൾ ഒരു കർമ്മപരിപാടിയായും മാറുന്നതുകൊണ്ട്.**

☺ മന്ത്രിമാർ സ്വത്തുവിവരം വെളിപ്പെടുത്തി. സഭാനേതാക്കന്മാരുംകൂടെ വെളിപ്പെടുത്തിയാൽ.
*ജാൻസി സുജിത്ത്, പള്ളുരുത്തി, എറണാകുളം*

☹ **എല്ലാം കള്ളന്മാരാണെന്ന് മനസിലാകും**

☺ കൊഴുത്തു വളരുന്ന നേതാക്കന്മാരുടെ വളർച്ചയുടെ രഹസ്യം.
*സന്തോഷ് കുമാർ, ഓലത്താനി, നെയ്യാറ്റിൻകര*

☹ **സാത്താൻ വളർത്തുന്ന നേർച്ചക്കോഴികളാണവർ.**

☺ ആത്മീയ വറുതിയ്ക്കൊരു പരിഹാരം
*റെജി കുര്യൻ, മണക്കാലം, അടൂർ*

☹ **വചനത്താൽ വറുതിയെ വരുതിയിലാക്കുക.**



# നിങ്ങൾക്കറിയാമോ?

നമ്മുടെ മലയാള ഭാഷ പലയിടങ്ങളിലും പല തരത്തിൽ സംസാരിക്കുന്നത് കേട്ടിരിക്കും. തൃശ്ശൂരുകാരുടെ സംസാരഭാഷയായിരിക്കില്ല കണ്ണൂരുള്ളവരുടേത് അല്ലേ? ഇത്തരത്തിൽ യഥാർത്ഥ ഭാഷയ്ക്ക് ചെറിയ മാറ്റങ്ങൾ വരുത്തി നാം ഉപയോഗിക്കുന്ന ഭാഷകളാണ് ഉപഭാഷകൾ അഥവാ ഡയലക്റ്റുകൾ എന്നറിയപ്പെടുന്നത്. ഇംഗ്ലീഷിൽ ഈ ഉപഭാഷകളെ വടക്കൻ ഇംഗ്ലീഷ്, തെക്കൻ ഇംഗ്ലീഷ്, മധ്യനിംഗ്ലീഷ് എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. അതിൽ വടക്കൻ ഇംഗ്ലീഷിലെ ചില രസകരമായ ഡയലക്റ്റുകളെക്കുറിച്ച് കേട്ടോളൂ.

യോർക്ക്ഷെയ്ർ (York shire), ലാൻക ഷെയ്ർ (Lanca Shire), കംബ്രിയൻ (Cambrian) എന്നീ ഉപഭാഷകളാണ് വടക്കനിംഗ്ലീഷിൽ മുഖ്യമായും ഉള്ളത്.

ഇതിൽ യോർക്ക്ഷെയർ ഉച്ചാരണത്തിന്റെ പ്രത്യേകതകൾ എന്താണെന്നോ? ‘ഉ’കാരം നീട്ടിയങ്ങ് പറയുക! അതായത് അവിടെ ബുക്ക് (book) എന്നത് ബൂക്ക് ആണ്. അതുപോലെ കുക്ക് (cook) കൂക്ക്, ലുക്ക് (look)-ലൂക്ക് എന്നുമാണ് പറയുക. യോർക്ക് ഷെയർകാരൻ until എന്ന വാക്കിനുപകരം while എന്നാണുപയോഗിക്കുക. അവിടെ ‘yes’ഉം ‘no’യും ഇല്ല. പകരം aye, hayഎന്നാണ് പറയുക. കൂടാതെ perhaps/may be എന്നിവയ്ക്ക് പകരമായി happen എന്നും ഉപയോഗിക്കും!

**തുടരും**




Printed, Published and owned by Titus Kply, Punnoothara, Kerala 690 516. Layout: Logi : 9495507765, Printed at St. Paul’s Offset Mavelikara.
Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally